# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആര്യാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA.ALP/P.8/1218 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 08/11/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആര്യാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP/P.8/1218 /2023 തീയ്യതി: 08/11/2023

## ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 18-09-2023 | 28-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-09-2023 | 28-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.എ.ഡി.ബീന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി . ശ്രീദേവി ആർ , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി .പ്രീത, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. ബിജുമോൻ.ജി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ബീന.എസ് | സെക്രട്ടറി | 01-04-2022 | 30-09-2022 |
| ശ്രീമതി.സുജാത.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-10-2022 | 27-10-2022 |
| ശ്രീ..മഹീധരൻ എം.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-10-2022 | 29-11-2022 |
| ശ്രീമതി.ബീന.എസ് | സെക്രട്ടറി | 30-11-2022 | 31-03-2023 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അനില എം.എ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിന്ദു.ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 04-01-2023 |
| വേക്കന്റ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05-01-2023 | 11-01-2023 |
| ശ്രീമതി.സോന സോണി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-01-2023 | 31-03-2023 |
| ഡോ.ഫ്രെഷി തോമസ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.ഷൈമ.എം | മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ശ്രീമതി. യാമിനി ദാസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 22-09-2022 |
| ശ്രീമതി.ഷീജ എ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 23-09-2022 | 26-09-2022 |
| ശ്രീമതി.ശാലിനി ബാലകൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 27-09-2022 | 30-09-2022 |
| വേക്കന്റ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-10-2022 | 05-10-2022 |
| ശ്രീമതി. സോജശിവദാസൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 19-09-2022 |
| ശ്രീമതി. സൗമ്യ.എസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 20-09-2022 | 31-03-2023 |
| ശ്രീ.സനൽകുമാർ.ജി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ചെമ്പന്തറ സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീ.ദിനൽരാജ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ,ഐക്കഭാരതം | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | സർക്കിൾ | | |
| ശ്രീമതി.ഏലിയാമ്മ കുര്യൻ | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ആഷാ മോൾ | ഫിഷറീസ് ഇൻസ്‌പെക്ടർ | 01-04-2022 | 10-03-2023 |
| ശ്രീമതി.സൂര്യ | ഫിഷറീസ് ഇൻസ്‌പെക്ടർ | 11-03-2023 | 31-03-2023 |
| ശ്രീമതി.സുജാത.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 26-10-2022 |
| ശ്രീ..മഹീധരൻ എം.പി | അസിസ്റ്റന്റ് സെക്രട്ടറി | 27-10-2022 | 31-03-2023 |
| ശ്രീമതി. ലിജി.ടി.എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 10-06-2022 | 31-03-2023 |
| ശ്രീമതി. രചന ആർ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | രജിസ്റ്ററിൽ വാർഷിക ഡി.സി.ബി പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-6 |
| 8 | ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-7 |
| 9 | റെന്റ് ഡെപ്പോസിറ്റ് -വരവ് ഇല്ലാതെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു | 1-1-8 |
| 10 | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ നിക്ഷേപ പ്രവൃത്തിയ്ക്കായി നൽകിയ തുക വാർഷിക കണക്കിൽ ചെലവായി രേഖപ്പെടുത്തി | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | ബജറ്റിന്റെ അവലോകനം | 1-2-1 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 21 | ഓൺലൈനായി സമർപ്പിച്ചിട്ടുള്ള വാർഷിക കണക്ക് - അപാകത | 1-11 |
| 22 | ലികിഡിറ്റിയുള്ള ആസ്തികളേക്കാൾ കൂടുതൽ ലികിഡിറ്റിയുള്ള ബാധ്യതകൾ | 1-12 |
| 23 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-13 |
| 24 | തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല | 1-14 |
| 25 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-15 |
| 26 | പഞ്ചായത്തിൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-16 |

| | | |
|---|---|---|
| 27 | തൊഴിൽ നികുതി ഇനത്തിൽ ഗുണഭോക്താവ് ഒടുക്കിയ തുക ബാങ്ക് അക്കൗണ്ടിൽ നാളിതുവരെ ക്രഡിറ്റ് ചെയ്തിട്ടില്ല | 1-17 |
| 28 | ഐ.കെ.എം.വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-18 |
| 29 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-19 |
| 30 | പെൻഷൻ സസ്പെൻഡ് ചെയ്തിട്ടും വിതരണം ചെയ്യാത്ത തുകകൾ ബാങ്കിലും/സൊസൈറ്റിയിലും അവശേഷിക്കുന്നു | 1-20 |
| 31 | ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിക്കാത്തതിനാൽ ഭീമമായ തുക വാട്ടർ അതോറിറ്റിയിൽ അടവാക്കേണ്ടി വരുന്നു | 1-21 |
| 32 | ഹോംകോയ്ക്ക് തുക മുൻകൂർ നൽകിയിട്ടും മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-22 |
| 33 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്- കുടുംബശ്രീ യൂണിറ്റുകളെ ഏല്പിക്കുന്നില്ല | 1-23 |
| 34 | ഹോം കെയർ വിസിറ്റില്ലാത്ത ദിവസങ്ങളിലെ വാഹന വാടകയും ഭക്ഷണച്ചെലവും അംഗീകരിക്കുന്നില്ല | 1-24 |
| 35 | വയോജനങ്ങൾക്ക് കട്ടിൽ - അപാകതകൾ | 1-25 |
| 36 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-26 |
| 37 | പാലിന് സബ്സിഡി- ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടില്ല | 1-27 |
| 38 | ലൈഫ് ഭവന നിർമാണ പദ്ധതി | 1-28 |
| 39 | സാംസ്കാരിക നിലയത്തിന് പ്രൊജക്ടറും സ്ക്രീനും - ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തി | 1-29 |
| 40 | മുട്ടക്കോഴി വിതരണം-വിതരണ രേഖകൾ പൂർണ്ണമല്ല | 1-30 |
| 41 | ആർ.ഒ.പ്ലാന്റ് മെയിന്റനൻസ്- പ്രവൃത്തി നടപ്പിലാക്കിയില്ല | 1-31 |
| 42 | ആര്യാട് കുരുമുളക് ഗ്രാമം - വിതരണത്തിൽ അപാകതകൾ | 1-32 |
| 43 | സമന്വയ രണ്ടാം ഘട്ടം-ഹരിത കിരണം - വനിത സംയോജിത കൃഷി ഗ്രൂപ്പ് - അപാകതകൾ | 1-33 |
| 44 | പഞ്ചായത്തിലെ സാംസ്കാരികനിലയം ജീർണ്ണാവസ്ഥയിൽ | 1-34 |
| 45 | ലൈഫ് പദ്ധതി - നിർമ്മാണം അവസാന ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പാതിവഴിയിൽ | 1-35 |
| 46 | അഗതി ആശ്രയ പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ | 1-36 |
| ഭാഗം **2** | | |
| 1 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-1 |
| 2 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-2 |
| ഭാഗം **3** | | |
| 1 | ഹോം കെയർ വിസിറ്റില്ലാത്ത ദിവസങ്ങളിലെ വാഹന വാടകയും | 3-1 |

| | | |
|---|---|---|
| | ഭക്ഷണച്ചെലവും അംഗീകരിക്കുന്നില്ല | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 06.07.2023-ലെ 4 കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 13.07.2023 -ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആര്യാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II.C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ആര്യാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

#### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ജയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ജയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

1-1-4 യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തുനികുതി, തൊഴിൽ നികുതി മുതലായവയുടെ ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. 8/22 ലും,03/2023-ലും മാത്രമാണ് ലെഡ്ജറിൽ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നത്.

1-1-5 രജിസ്റ്ററിൽ വാർഷിക ഡി.സി.ബി പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

തൊഴിൽ നികുതി, പെർമിറ്റ് ഫീസ്, ലേലം, വാടക, ലൈസൻസ് ഫീസ് മുതലായ നികുതി നികുതിയേതര വരവുകളുടെ രജിസ്റ്ററിൽ വാർഷിക ഡി.സി.ബി പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ ചേർത്തിട്ടുള്ള വിവിധ നികുതി നികുതിയേതര വരവുകളുടെ ആധികാരികത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

1-1-6 അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ തൻവർഷം നൽകിയതും തിരികെ ലഭിച്ചതുമായ തുകകളുടെ വിവരം രേഖപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

1-1-7 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഇ.എം.ഡി, സെക്യൂരിറ്റി നിക്ഷേപം മുതലായ ഇനങ്ങളിലെ മുന്നിരിപ്പ്,തൻവർഷ വരവ് തുക, തിരികെ നൽകിയ തുക,നീക്കിയിരുപ്പ് എന്നിവയുടെ ഇനം തിരിച്ചുള്ള വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. Contractors Retention ഇനത്തിലെ മുന്നിരിപ്പ്,തൻവർഷ വരവ് തുക, തിരികെ നൽകിയ തുക,നീക്കിയിരുപ്പ് എന്നിവയുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

1-1-8 റെന്റ് ഡെപ്പോസിറ്റ് -വരവ് ഇല്ലാതെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു

2021-22 ബാലൻസ് ഷീറ്റ് B7 340200101 ഹെഡിൽ Rent Deposit – 0, 2022-23 RP-33 Deposit Received(R) ൽ വരവ് ഇല്ല. എന്നാൽ 2022-23 RP-33 Deposit Received(P) – 3000 ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. 2022-23 ബാലൻസ് ഷീറ്റ് B7 340200101 ഹെഡിൽ Rent Deposit – 0, മുന്നിരുപ്പ്, വരവ് എന്നിവയില്ലാതെ Rent Deposit ഹെഡിൽ ചെലവ് ചെയ്തിരിക്കുന്നു.

1-1-9 വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ നിക്ഷേപ പ്രവൃത്തിയ്ക്കായി നൽകിയ തുക വാർഷിക കണക്കിൽ ചെലവായി രേഖപ്പെടുത്തി

KWA യിൽ പ്രോജക്ട് നം. S0262/23 പ്രകാരം 238000/- രൂപ ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും നിക്ഷേപ പ്രവൃത്തിയ്ക്കായി നൽകിയിട്ടുണ്ട്. എന്നാൽ AFS ൽ ആയത് I 14(A) യിൽ 251120104 ഹെഡിൽ ചെലവായി കാണിച്ചിരിക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത പ്രസ്തുത പ്രവൃത്തി ചെലവ് ഹെഡിൽ ഉൾപ്പെട്ട് വന്നിരിക്കുന്നു.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 26.03.2022 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 20.3.23 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 30,82,78,831 | 31,54,59,718 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻറിച്ചർ പത്രിക പ്രകാരം) | 20,09,80,367 | 20,44,08,226 |

### 1-2-1 ബജറ്റിന്റെ അവലോകനം

2022-23 വർഷത്തെ ബജറ്റ് 26.3.2022 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 22.03.2023 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1.ബജറ്റിന്റെ അവലോകനം നടത്തുന്നില്ല .

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല.

2.ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2022-23 ലെ ബജറ്റ് 2022ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

3.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (I&E Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|
| 1. | 2102002 | മറ്റ് ബത്തകൾ | 150000 | 179494 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 2 | 2102003 | ജനപ്രതിനിധികളുടെ ഓണറേറിയം | 2200000 | 2240390 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 3 | 2201201 | വാർത്താവിനിമയ ചെലവുകൾ | 2,50,000 | 2,81,313 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 4 | 2202101 | അച്ചടിയും സ്റ്റേഷണറിയും | 300000 | 322707 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 5 | 2208001 | മറ്റ് ഭരണചെലവുകൾ | 20000 | 816437 | വകയിരുത്തിയ തുകയേക്കാൾ |

| | | | | | |
|---|---|---|---|---|---|
| | | | | | കൂടുതൽ ചെലവ് |
| 6 | 2301101 | വാട്ടർ ചാർജ്ജ് | Oo | 910 | ബജറ്റിൽ വകയിരുത്തലില്ലാതെ ചെലവഴിച്ചു. |
| 7 | 2303001 | കൺസംപ്ഷൻ ഓഫ് സ്റ്റോഴ്സ് | 20,000 | 29,910 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 8 | 2308001 | നടത്തിപ്പ്, സംരക്ഷണ ചെലവുകൾ | 300000 | 517000 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (10/25.9.23) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16713669.50 |
| വരവ് | 47169346 |
| ആകെ | 63883015.50 |
| ചെലവ് | 44514620 |
| നീക്കിയിരിപ്പ് | 19368395.50 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 22760000 | 22760000 | 21239399 | 1520601 (ലാപ്സ്ഡ്) |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 3456000 | 3456000 | 3411255 | 44745 (ലാപ്സ്ഡ്) |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 106000 | 106000 | 103808 | 2192 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 6267000 | 6267000 | 4737916 | 1529084 (ലാപ്സ്ഡ്) |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 4104000 | 4104000 | 2735475 | 1368525 (ലാപ്സ്ഡ്) |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) ട്രഷറി | 0 | 922059 | 922059 | 345988 | 576071 (ലാപ്സ്ഡ്) |
| 15-ാം ധനകാര്യ കമ്മീഷൻഅവാർഡ് (ടൈഡ്) ബാങ്ക് | 1440234 | 5117000 | 6557234 | 4150602 | 2406632 (ബാങ്ക്) |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (അൺ ടൈഡ്)ട്രഷറി | 0 | 413118 | 413118 | 402309 | 10809 |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (അൺ ടൈഡ്) ബാങ്ക് | 2225397 | 3566755 (പലിശ ഉൾപ്പെടെ) | 5792152 | 4835346 | 956806 (ബാങ്ക്) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 186 | 157740875 | 136 | 51883423 | 43 | 7 | 73.11 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10278 | 1752658 | 1762936 | 1750000 | 12936 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 80605585 | 80605585 | 80605585 | 0 |
| ആകെ | 10278 | 82358243 | 82368521 | 82355585 | 12936 |

## 1-7 ക്ഷേമ പദ്ധതികൾ

2022-23 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 45120 | 35 |
| കർഷകതൊഴിലാളിപെൻഷൻ | 5319200 | 496 |
| വിധവാപെൻഷൻ | 10323400 | 986 |
| വാർദ്ധക്യകാലപെൻഷൻ | 26931500 | 2925 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 3692700 | 351 |
| അവിവാഹിതപെൻഷൻ | 965000 | 94 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 330000 | 11 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.9.2023 തീയതിയിൽ 2.40 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7004/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

3. വരവിനങ്ങളുടെ രജിസ്റ്ററുകൾ കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5. സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ , മറ്റ് പ്രഫഷണലുകൾ, മരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനിയേഴ്സ്, വാഹന ഉടമകൾ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6. കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിൽ കുരുമുളക് തൈ വിതരണം ഫലപ്രാപ്തിയിലെത്തിയില്ല. വ്യാജമായ കൈപ്പറ്റ് വിവരങ്ങൾ തയ്യാറാക്കപ്പെട്ടതായി സംശയിക്കപ്പെടുന്നു. കൃത്യമായ അവലോകനം നടക്കുന്നില്ല. ഖണ്ഡിക 1-32കാണുക.

7. പലയിനങ്ങൾക്കും ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവഴിക്കുന്നു.
8. ലൈഫ് ഭവന നിർമ്മാണം- നിർമ്മാണം പൂർത്തിയാക്കാതെ തന്നെ അവസാന ഗഡുവും നൽകുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

1-10 ടാക്സ് ഓഡിറ്റ് - അവലോകനം

ലഭ്യമാക്കാവുന്ന എല്ലാ വിഭവങ്ങളും പൂർണ്ണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സാധിക്കൂ. ഇതിനായി നികുതി, ഫീസ്, വാടക തുടങ്ങിയവ കുറ്റമറ്റ രീതിയിൽ നിർണ്ണയിച്ചിട്ടുണ്ടെന്നും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും പിരിച്ചെടുത്ത തുകകൾ പൂർണ്ണമായി പഞ്ചായത്ത് ഫണ്ടിൽ(ട്രഷറി/ബാങ്ക്) എത്തിച്ചേർന്നിട്ടുണ്ടെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും

ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. മേൽചേർത്തവയിൽ വസ്തുനികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തു നികുതി ചുമത്താവുന്നതും ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതുമാണ്. മേൽ നിയമത്തിലെ 203ാം വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ആര്യാട് ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരവുമുള്ള വരവും വാർഷികക്കണക്ക് പ്രകാരവുമുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം(₹) A | വാർഷിക കണക്ക് പ്രകാരമുള്ള വരവ്(₹)B | ബജറ്റും വരവും തമ്മിലുള്ള വ്യത്യാസം(₹) B-A |
|---|---|---|---|
| വസ്തു നികുതി (തൻവർഷം) | 4600000 | 4167808 | -432192 |
| തൊഴിൽ നികുതി (തൻവർഷം) | 1700000 | 1458550 | 241450 |
| വാടക വരവ് | 825000 | 505750 | 319250 |
| ഫീ & യൂസർ ചാർജ് | 2010000 | 539864 | 1470136 |
| സെയിൽ & ഹയർ ചാർജസ് | 647800 | 459615 | 188185 |
| പലിശ ലഭിച്ചത് | 400000 | 397668 | 2332 |
| മറ്റു വരവുകൾ | 300000 | 12531 | 287469 |
| ആകെ | 10282800 | 7541786 | 2076630 |

ബജറ്റും വാർഷിക കണക്കും തമ്മിൽ വലിയ അന്തരം ഇല്ല. എന്നാൽ 2022-23 സാമ്പത്തിക വർഷം ഫീ ആന്റ് യൂസർ ഫീ ഇനത്തിൽ അന്തരം കാണുന്നുണ്ട്. ആയത് 2020-21 സാമ്പത്തിക വർഷം 1152310/- രൂപ വരവ് ഉള്ളതിനാലാണ് 2022-23 ബജറ്റിൽ ഇത്രയും തുക വകയിരുത്തിയതെന്നാണ് ഗ്രാമ പഞ്ചായത്ത്

അറിയിച്ചത്. യഥാർത്ഥ വരവുകളെ അടിസ്ഥാനപ്പെടുത്തി മാത്രം ബജറ്റിൽ തുക ഉൾക്കൊള്ളിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ പുതിയ തനതു വരുമാനമേഖലകൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങളൊന്നുമില്ല.
സ.ഉ.(കൈ) നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും പറയുന്നു. ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ടെങ്കിലും ഫീൽഡ് പരിശോധന ആരംഭിച്ചിട്ടില്ല. 01.04.2023 മുതൽ വസ്തുനികുതിയിൽ 5% വർദ്ധനവ് നിലവിലിൽ വന്നിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നിരക്കുകൾക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.04.2023-ലെ 2(1) തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്താത്തതിനാൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും അടിസ്ഥാന നികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

ഫീൽഡ് പരിശോധന പൂർത്തിയാക്കാതെ പുതുക്കിയ നിരക്കുകൾ പ്രകാരമുള്ള നികുതി മാത്രമാണ് നിലവിൽ ഈടാക്കി തുടങ്ങാൻ പോകുന്നത്. കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പെടുത്തി നികുതി നിശ്ചയിക്കുന്നതിലൂടെ വൻവരുമാനവർദ്ധനവ് നേടാനാവുന്നതാണ്.
ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കുന്നതുമൂലം വരുമാനനഷ്ടം ഉണ്ടായിട്ടില്ല.
പഞ്ചായത്തിരാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം എന്തെങ്കിലും സേവനങ്ങൾ നല്കിയിട്ടുള്ളപക്ഷം സേവന ഉപനികുതിയും, ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സേവനങ്ങളൊന്നും പ്രത്യേകമായി നല്കിയിട്ടില്ലാത്തിടത്തുപോലും മുപ്പത്തിമൂന്നും മൂന്നിലൊന്നുശതമാനവും സർവ്വീസ് ചാർജ് ഈടാക്കാമെന്നിരിക്കെ സേവന ഉപനികുതിയും സർവ്വീസ് ചാർജ്ജും ഈടാക്കുന്നതിനായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ശുപാർശയോ കമ്മറ്റി തീരുമാനമോ ഇല്ല. വരുമാന വർദ്ധനവിനായി ഇവ ഈടാക്കുന്നതിന് തീരുമാനമെടുക്കാവുന്നതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ റേഷൻകട ലൈസൻസികളിൽനിന്നും എല്ലാ വാർഡുകളിലുമുള്ള കള്ള് ഷാപ്പ് ലൈസൻസികളിൽ നിന്നും നികുതി ഈടാക്കുന്നില്ല.

വിനോദ നികുതി

കേബിൾ ടി.വി. നെറ്റ് വർക്ക് ദാതാക്കളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

നികുതിയേതര വരവുകൾ

വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലൂടെയും ക്യാമ്പുകൾ സംഘടിപ്പിച്ച് വ്യാപാരസ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിലൂടെയും വരുമാനവർദ്ധനവ് നേടാവുന്നതാണ്.

ആസ്തികളിൽ നിന്നുള്ള ആദായം

പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട പുതിയ കടമുറികളും, കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉപയോഗശൂന്യമായ വസ്തുക്കളും, പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട ഫലവൃക്ഷങ്ങളും ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.
2. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർനിർണ്ണയിക്കേണ്ടതാണ്.
3. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.
4. നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരാനുള്ള ഊർജ്ജിത യജ്ഞം നടത്തേണ്ടതാണ്. നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പ് വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടിടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുത്തുക എന്നതിനും ഗ്രാമപഞ്ചായത്ത് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.
5. വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-11 ഓൺലൈനായി സമർപ്പിച്ചിട്ടുള്ള വാർഷിക കണക്ക് - അപാകത

2022-23 സാമ്പത്തിക വർഷം ഓൺലൈനായി സമർപ്പിച്ചിട്ടുള്ള വാർഷിക കണക്കിനോടൊപ്പമുള്ള താഴെ ചേർക്കുന്ന ഷെഡ്യൂളുകൾ 2021-22 വർഷത്തിലേതാണ്.

1) ട്രയൽ ബാലൻസ്
2) ക്യാഷ് ഫ്ളോ സ്റ്റേറ്റ് മെന്റ്
3) ഷെഡ്യൂൾ ഓഫ് ഇൻകം ആന്റ് എക്സ്പെന്റിച്ചർ
4) ഷെഡ്യൂൾ ഓഫ് റസീപ്റ്റ് ആന്റ് പേമെന്റ്
5) ഷെഡ്യൂൾ ഓഫ് ബാലൻസ് ഷീറ്റ്

2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട പരിശോധനയ്ക്ക് ഹാജരാക്കിയ ഹാർഡ് കോപ്പിയിൽ ഉൾപ്പെടുത്തിയിരുന്നത് 2022-23 ലെ ഷെഡ്യൂളുകൾ തന്നെയായിരുന്നു. ആയതാണ് അക്കൌണ്ട്സ് സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട പരിശോധനയ്ക്ക് അടിസ്ഥാനമാക്കിയത്.

## 1-12 ലിക്വിഡിറ്റിയുള്ള ആസ്തികളേക്കാൾ കൂടുതൽ ലിക്വിഡിറ്റിയുള്ള ബാധ്യതകൾ

ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം ലിക്വിഡിറ്റിയുള്ള ബാധ്യതകൾ (8,35,26,911) ലിക്വിഡിറ്റിയുള്ള ആസ്തികളേക്കാൾ (3,90,73,057) കൂടുതലാണ്.

ഓഡിറ്റ് വർഷത്തെ ലിക്വിഡിറ്റി കൂടിയ ആസ്തി , ബാധ്യതാ വിവരങ്ങൾ

| 2022-23 | | | |
|---|---|---|---|
| ബാധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നമ്പർ | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നമ്പർ | തുക |
| B2 | 23,391 | B12 | 00 |
| B4 | 95,98,396 | B14 | 00 |
| B5 | 3,61,22,942 | B15 | 76,66,155 |
| B7 | 8,66,622 | B17 | 1,93,68,395 |
| B9 | 3,69,15,560 | B18 | 21,04,571 |
| ആകെ | 2,30,73,351 | | 1,20,38,507 |

2022-23 ൽ ഡി.പി.സി അംഗീകരിച്ച ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതിയിൽ 54,30,801/- രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തുകയും, 28,50,952/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇത് ഓഡിറ്റ് വർഷത്തെ പദ്ധതികൾക്ക് മാത്രം വകയിരുത്തി ചെലവഴിച്ച തുകയാണ്. ലിക്വിഡിറ്റിയുള്ള ബാധ്യതകൾ ലിക്വിഡിറ്റിയുള്ള ആസ്തികളേക്കാൾ കൂടുതലായതിനാൽ സ്ഥാപനത്തിന്റെ ഫണ്ട് ബാലൻസ് നെഗറ്റീവിലാണ്. അതുകൊണ്ട് തന്നെ കെട്ടിട നിർമ്മാണ ക്രമവൽകരണം, കുടിശ്ശിക നികുതി പിരിവ്, കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിൽ വരുത്തിയ മാറ്റങ്ങൾ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ, തൊഴിൽ നികുതി യഥാസമയം അടവാക്കാത്ത സ്ഥാപനങ്ങൾ എന്നിവയുടെ വിശദാംശം ഫീൽഡ് തലത്തിൽ പരിശോധിച്ച് നികുതി/ഫീസ് പിരിവ് ഊർജ്ജിതമാക്കി തനത് വരുമാനം വർദ്ധിപ്പിക്കാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

### 1-13 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

1996 ലെ കേരള പഞ്ചായത്തിരാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 31-10-17 ൽ വരുത്തിയ ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം വാർഷിക ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷ പരിശോധിച്ചതുപ്രകാരം മൂലധന നിക്ഷേപം അടിസ്ഥാനപ്പെടുത്തി ഈടാക്കാമായിരുന്ന ലൈസൻസ് ഫീസിനേക്കാൾ വളരെ കുറഞ്ഞ തുകയാണ് ഈടാക്കികൊണ്ടിരിക്കുന്നത്. അപേക്ഷ പ്രകാരം മൂലധന നിക്ഷേപം 30 ലക്ഷം രൂപയാണ്.

| ക്രമ നം. | സ്ഥാപനം | രസീത് നം., തീയതി | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ്/ റിമാർക്സ് |
|---|---|---|---|---|---|
| | EVM Motors & Vehicles India Pvt Ltd | 1220104375/ 23.2.23 | 2000 | 5000 | 3000 |

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം 25 ലക്ഷത്തിലധികം മൂലധനനിക്ഷേപമുള്ള

ടി സ്ഥാപനം മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.ഇത് കൂടാതെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ,N C .John &Sons Pvt Ltd (16/168A, B, C) എന്ന സ്ഥാപനം ലൈസൻസ് എടുക്കുകയും ലൈസൻസ് ഫീ 5000/-രൂപ, മോട്ടർ റണ്ണിംഗ് ഫീ 5520/-രൂപ എന്നിവ അടവാക്കിയിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനത്തിന്റെ ലൈസൻസ് അപേക്ഷ ഓഡിറ്റിൽ ഹാജരാക്കിയില്ല. അതിനാൽ നിയമാനുസൃതമായാണോ ലൈസൻസ് ഫീ ഈടാക്കിയത് എന്ന് പരിശോധിക്കാനായില്ല. ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ ഭൂരിഭാഗം അപേക്ഷകളിലും മൂലധനനിക്ഷേപം രേഖപ്പെടുത്തുകയോ മറ്റ് വകുപ്പുകളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റുകളോ ഹാജരാക്കിയിട്ടില്ല. പഞ്ചായത്തിൽ ലൈസൻസ് അപേക്ഷ സ്വീകരിക്കുമ്പോൾ, അപേക്ഷയിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടുണ്ടോ, ആവശ്യമെങ്കിൽ മറ്റ് വകുപ്പുകളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റുകളുണ്ടോ എന്നിവ പരിശോധിക്കേണ്ടതാണ്.

1-14 തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും, റിട്ടേണുകളും പരിശോധിച്ചതിൽ
l)താഴെ കൊടുത്തിരിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| കരാറുകാർ | 1&2 |
| ബഡ്സ് സ്കൂൾ ജീവനക്കാർ | 1&2 |
| പാലിയേറ്റീവ് നേഴ്സ് | 1&2 |

2.ശ്രീകൃഷ്ണ ബാങ്കേഴ്സിന്റെ ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3.സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, ടൂറിസ്റ്റ് വാഹന ഉടമകൾ, റേഷൻ വ്യാപാരികൾ) സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടോ എന്നതിനും മേൽ സൂചിപ്പിച്ചവരിൽ നിന്നും നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയതിന് (29/26.9.2023) മറുപടി ലഭ്യമാക്കിയില്ല. നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-15 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നത് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ, 1996 ലെ കേരള പഞ്ചായത്തിരാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ്

നൽകൽ) ചട്ടങ്ങൾക്ക് 31-10-17 ൽ വരുത്തിയ ഭേദഗതി ചട്ടത്തിലെ ചട്ടം 18,19 പട്ടിക 3 പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസി/ സ്ഥാപനം | വാർഡ്/കെട്ടിട നം. | അപേക്ഷ പ്രകാരം യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കിയ മോട്ടോർ ഫീസ് | ഈടാക്കേണ്ട മോട്ടോർ ഫീസ് | കുറവ്/ റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ജയൻ സുശീലൻകയർ മാറ്റ്, പി വി സി മാറ്റ്സ് നിർമ്മാണം | 14/327,328 | 130 Hp | ----- | 2000 | 2000 |
| 2 | മിതേഷ് കെ പട്ടേൽ പെനിൻസുലാർ ഹോണ്ട | 15/396A | 35062 KW | ----- | കൃത്യമായ ഹോഴ്സ് പവർ കണക്കാക്കി ഫീസ് ഈടാക്കേണ്ടതാണ് | ഈടാക്കിയിട്ടില്ല. |
| 3 | ഉദയകുമാർ പി മര ഉരുപ്പടികളുടെ നിർമ്മാണം | V1/178 | HP രേഖപ്പെടുത്തിയിട്ടില്ല. | ---- | കൃത്യമായ ഹോഴ്സ് പവർ കണക്കാക്കി ഫീസ് ഈടാക്കേണ്ടതാണ് | മര ഉരുപ്പടികളുടെ നിർമ്മാണത്തിന് വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ ആവശ്യമായിരിക്കേ മോട്ടർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല. |
| 4 | ശശികല ജി തടിമില്ല് | V/34 | 39 Hp | ----- | 400/- | 400/- |
| 5 | വിവേക് ബൈജു ധാന്യപ്പൊടി നിർമ്മാണം | I/24A | 10KW | ---- | 200 | 200/- |
| 6 | സുലത എസ് | 3/265 | 10Hp | ---- | 100 | 100/- |

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/26.9.23) കുറവ് വന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം കുറവ് വന്ന ഫീസും ഹോഴ്സ് പവർ കൃത്യമായി രേഖപ്പെടുത്താത്തവയുടെ ഹോഴ്സ് പവർ നിജപ്പെടുത്തി ബാധകമായ ഫീസ് ഈടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-16 പഞ്ചായത്തിൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) നിയമം വകുപ്പ് 232, 232(1) എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾക്ക് അനുസൃതമല്ലാതെയും ഈയിനത്തിലെ ചട്ടം 3

പട്ടിക 1 പ്രകാരമുള്ള ആവശ്യങ്ങൾക്ക് പഞ്ചായത്ത് പരിധിയിൽ യാതൊരുസ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ 2022-23 വർഷം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | ക്രമ നമ്പർ | സ്ഥാപനങ്ങൾ |
|---|---|---|---|
| 1 | റേഷൻകടകൾ | 6 | ഇറച്ചി വ്യാപാര സ്ഥാപനങ്ങൾ (3 എണ്ണം എടുത്തിട്ടുണ്ട്) |
| 2 | അക്ഷയകേന്ദ്രങ്ങൾ | 7 | കാറ്ററിംഗ് സ്ഥാപനങ്ങൾ |
| 3 | ഓഡിറ്റോറിയങ്ങൾ | 8 | ഡ്രൈവിംഗ് സ്കൂളുകൾ |
| 4 | ടർഫ് | 9 | ഗ്യാസ് ഏജൻസികൾ |
| 5 | പാൽ സൊസൈറ്റികൾ | 10 | സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ |

മേൽ പരാമർശിച്ച സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/25.09.2023) മറുപടി ലഭ്യമായില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി ഇനത്തിൽ ഗുണഭോക്താവ് ഒടുക്കിയ തുക ബാങ്ക് അക്കൌണ്ടിൽ നാളിതുവരെ ക്രഡിറ്റ് ചെയ്തിട്ടില്ല

ആര്യാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 15.11.22 ലെ വരവ് 28938 രൂപ SBI (E Payment) Own Fund അക്കൗണ്ടിൽ (അക്കൗണ്ട് നം.67387934329), നാളിതുവരെ ക്രഡിറ്റ് ചെയ്തിട്ടില്ല. തുക പഞ്ചായത്തിൽ അടവാക്കിയതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

15.11.22 ലെ ഡേ ബുക്ക് പ്രകാരം,

| Receipt No | Name | Transaction Type | Amount |
|---|---|---|---|
| 1220102400 | Managing Director,<br>Uday Backwaters Resorts, Alappuzha | Profession Tax (Employees) 2022 - 28370/-<br>Penalties And Fines- Penal Interest 2022 - 568/-<br>Total – 28938/- | 28938 |

തുക നാളിതുവരെ ബാങ്ക് അക്കൌണ്ടിൽ ക്രഡിറ്റാവാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/26.09.23) മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട അക്കൗണ്ടിൽ തുക ക്രഡിറ്റ് ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 ഐ.കെ.എം.വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം. - S 0074/23
പ്രോജക്ടിന്റെ പേര് - ഐ.കെ.എം.വിഹിതം അടവാക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|

| | | |
|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 73925 | 73925 |

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷന്റെ എസ്.ബി.ഐ, നന്തൻകോട് പേർസണൽ ബാങ്കിംഗ് ശാഖയിലെ 57047023512-ാം അക്കൌണ്ടിൽ 73925 രൂപ നൽകി (ബിൽ നം.16/22-23/ 5.9.22). എന്നാൽ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/25.09.23), വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എം തയ്യാറാക്കി വരികയാണെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 73925 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

ഫിഷറീസ് ഓഫീസർ 2022-23 വർഷം നിർവ്വഹണം നടത്തിയ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടിന്റെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നമ്പർ/പേര് | അടങ്കൽ | ചെലവ് |
|---|---|---|
| S0058/23 – പടുതക്കുളത്തിലെ മത്സ്യ കൃഷി | 32800/- | 28820/-(വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് വിവരം | ബിൽ നം-2/22,4.11.22,28820/- | |

മേൽ സൂചിപ്പിച്ചിട്ടുള്ള പ്രോജക്ടിലെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (26/26.09.2023) നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 28820/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 പെൻഷൻ സസ്പെൻഡ് ചെയ്തിട്ടും വിതരണം ചെയ്യാത്ത തുകകൾ ബാങ്കിലും/സൊസൈറ്റിയിലും അവശേഷിക്കുന്നു

സേവന സോഫ്റ്റ്‌വെയർ പ്രകാരമുള്ള പെൻഷൻ വിതരണ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സസ്പെന്റ് ചെയ്യപ്പെടുന്നതുവരെയുള്ള കാലയളവിൽ ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക കൈമാറിയിട്ടുള്ളതായും ടി തുക ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ല എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | പേര്/മേൽവിലാസം | പെൻഷൻ തരം/ഐ. ഡി | നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ലക്ഷ്മിക്കുട്ടി | കർഷക തൊഴിലാളി പെൻഷൻ 104440100589 | 7/2021 മുതൽ 4/2022 16000/-രൂപ | ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചുണ്ടെങ്കിലും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. |
| 2 | കൃഷ്ണൻകുട്ടി.കെ | കർഷക തൊഴിലാളി പെൻഷൻ 104440100687 | 7/2021 - 4/2022 16000/-രൂപ | ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചുണ്ടെങ്കിലും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. |
| 3 | വിദ്യാധരൻ | കർഷക തൊഴിലാളി പെൻഷൻ | 8/2019-11/2022 വരെ | ബാങ്ക് അക്കൗണ്ടിൽ |

| | | | | |
|---|---|---|---|---|
| | | 104440100557 | 55800/-രൂപ | നിക്ഷേപിച്ചുണ്ടെങ്കിലും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. |
| 4 | രാജമ്മ | കർഷക തൊഴിലാളി പെൻഷൻ 104440100265 | 8/2019-11/2022 വരെ 55800/-രൂപ | ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചുണ്ടെങ്കിലും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. |
| 5 | സുമതി | കർഷക തൊഴിലാളി പെൻഷൻ 104440100382 | 8/2019-9/2022 വരെ 52600/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 6 | നാഗമ്മ | കർഷക തൊഴിലാളി പെൻഷൻ 104440100395 | 8/2019-11/2022 വരെ 55800/-രൂപ | ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചുണ്ടെങ്കിലും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. |
| 7 | വിശ്വംഭരൻ | കർഷക തൊഴിലാളി പെൻഷൻ 104440100361 | 8/2019-11/2022 വരെ 55800/-രൂപ | ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചുണ്ടെങ്കിലും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. |
| 8 | പങ്കജാക്ഷി | കർഷക തൊഴിലാളി പെൻഷൻ 104440100353 | 8/2019-9/2022 വരെ 52600/-രൂപ | ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചുണ്ടെങ്കിലും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. |
| 9 | തങ്കമ്മ | കർഷക തൊഴിലാളി പെൻഷൻ 104440100475 | 5/2021-4/2022 വരെ 19200/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 10 | മേനക | കർഷക തൊഴിലാളി പെൻഷൻ 104440100236 | 8/2019-9/2022 വരെ 52600/-രൂപ | ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചുണ്ടെങ്കിലും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. |

പ്രസ്തുത കാലയളവിൽ ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ലാത്തതും എന്നാൽ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതുമായ തുക സർക്കാർ ഫണ്ടിലേക്ക് തിരികെ ഒടുക്കിയതിന്റെ വിവരങ്ങൾ അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/25.9.23) മറുപടിയായി വിതരണം നടത്താത്ത തുക തിരികെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം, ഹെഡ് ഓഫീസ് ബ്രാഞ്ചിലെ നമ്പർ 110110801000251 (ഐ.എഫ്.എസ്.സി കോഡ്-KSBK0000101) എന്ന അക്കൌണ്ടിലേക്ക് അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ബാങ്കുകൾക്ക് കത്ത് നൽകിയിട്ടുള്ളതായും ബാങ്കിൽ നിന്നും മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും അറിയിച്ചു. വിതരണം ചെയ്യപ്പെടാത്ത തുക തിരികെ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-21 ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിക്കാത്തതിനാൽ ഭീമമായ തുക വാട്ടർ അതോറിറ്റിയിൽ അടവാക്കേണ്ടി വരുന്നു

2022-23 സാമ്പത്തിക വർഷം പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രോജക്ട് മുഖേനയും തനത് ഫണ്ടിൽ നിന്നും തുക അടവാക്കിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|---|---|---|
| 1 | S0032/23 | കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം അടവാക്കൽ | ധനകാര്യകമ്മീഷൻ അവാർഡ് | 1499800 | 1499800 |
| 2 | S0043/23 സ്പിൽ ഓവർ | കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം അടവാക്കൽ | ധനകാര്യകമ്മീഷൻ അവാർഡ് | 938510 | 672372 |
| 3 | പ്രോജക്ടില്ലാതെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച | | തനത് ഫണ്ട് (ചെക്ക് നം.6195543/16.03.23) | ---- | 88194 |
| ആകെ ചെലവ് | | | | | 2260366 |

പഞ്ചായത്ത് പരിധിയിലാകെ 346 പൊതു ടാപ്പുകളാണ് ഉള്ളത്. ടാപ്പ് ഒന്നിന് പ്രതിവർഷം 5788.13 രൂപ നിരക്കിൽ പ്രതിമാസം 166887 രൂപയാണ് 2023 ഫെബ്രുവരി വരെ വെള്ളക്കരം ഡിമാന്റ് ചെയ്തിരുന്നതും അടച്ച് പോന്നതും. എന്നാൽ 2023 മാർച്ചിൽ വെള്ളക്കരം ടാപ്പൊന്നിന് പ്രതിവർഷം 14559.12 രൂപയായി വർദ്ധിച്ചതുമൂലം പ്രതിമാസ വെള്ളക്കരം 419785 രൂപയായി ഉയർന്നു. ഇത് പഞ്ചായത്തിന്റെ അനിവാര്യചെലവിൽ വലിയ വർദ്ധനവിന് കാരണമാകുന്നു.

346 പൊതുടാപ്പുകളിൽ ഉപയോഗശൂന്യമായവ വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള (EST NO.2021/36111) 478000രൂപ വാട്ടർ അതോറിറ്റിയിൽ എത്രയും വേഗം ഒടുക്കുന്നതിന് 11.01.22 ൽ KWA/PHD/D2/3611/2021 നം. കത്ത് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെട്ടു. എന്നാൽ ഉപയോഗ ശൂന്യമായ ടാപ്പുകളുടെ ഡിസ്കണക്ഷൻ ചാർജ്ജായി നാളിതുവരെ തുക ഒടുക്കിയിട്ടില്ല.

പദ്ധതി തുക ഡിസ്കണക്ഷൻ ചാർജ്ജിനത്തിൽ ഉപയോഗിക്കുന്നതിന് അനുവദനീയമല്ല എന്നും ആയതിനാൽ 478000 രൂപ ഒടുക്കുന്നതിൽ നിന്നും ആര്യാട് ഗ്രാമ പഞ്ചായത്തിനെ ഒഴിവാക്കിത്തരണമെന്ന് 22.03.22 ൽ എ2-19/2021 നമ്പർ കത്തിൽ സെക്രട്ടറി, വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടു.

ജൽ ജീവൻ മിഷൻ വഴി ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിനോ വെള്ളക്കരത്തിൽ കുറവ് വരുത്തുന്നതിനോ യാതൊരുവിധ നടപടികളും നാളിതുവരെ വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടില്ല. നിലവിലുള്ള 346 പൊതു ടാപ്പുകൾക്കുള്ള ഉയർന്ന നിരക്കിലുള്ള പ്രതിമാസ വെള്ളക്കരമായ 419785 രൂപയാണ് നിലവിലും ഡിമാന്റ് ചെയ്യുന്നത്. ഇത് ഉപയോഗിക്കാത്ത ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതിന് ഇടയാകുന്നു. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർനടപടികൾ രേഖകൾ സഹിതം വിശദമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/25.09.23), വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 10.04.23ലെ KWA/PHA /D2/3611/2021 നമ്പർ കത്ത് പ്രകാരം, ഡിസ്കണക്ഷൻ ചാർജായി 514000 രൂപ അടവാക്കണമെന്ന്

അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 2023-24 വാർഷിക പദ്ധതിയിൽ പ്രോജക്ട് നം.S0024/24, പൊതുടാപ്പ് പൂട്ടുന്നതിന് വാട്ടർ അതോറിറ്റിക്ക് തുക അടവാക്കൽ എന്ന പ്രോജക്ടിൽ തനത് ഫണ്ടിൽ 514000 രൂപ വകയിരുത്തി. ആയതിൽ നിന്നും 22.06.23 ൽ ചെക്ക് നം.191816 പ്രകാരം 514000 രൂപ വാട്ടർ അതോറിറ്റിക്ക് കൈമാറിയെന്നും മറുപടി ലഭ്യമാക്കി.

2022-23 ൽ വാട്ടർ അതോറിറ്റി ആവശ്യപ്പെട്ട 478000 രൂപ അടവാക്കാതിരുന്നതു മൂലം 2023-24 ൽ ഡിസ്കണക്ഷൻ ചാർജായി 514000 അടവാക്കേണ്ടി വന്നു. കരാർ ചമച്ച് ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 ഹോംകോയ്ക്ക് തുക മുൻകൂർ നൽകിയിട്ടും മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നം.-S0022/23 (ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ)

വകയിരുത്തിയ തുക-250000/- (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്), ചെലവ്-250000/- (BRN12601052808/12.01.2023)

മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നടപ്പാക്കിയ മേൽ പ്രോജക്ടിൽ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി 250000/- രൂപ ഹോംകോയ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഇൻവോയ്സ് നം.LF133/29.05.23, LF429/03.07.23 എന്നിവ പ്രകാരം 155933/-രൂപയുടെ (66525+89408) മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 94067/- രൂപയ്ക്ക് മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(3/19.09.23) മറുപടി ലഭിച്ചില്ല. മരുന്ന് അടിയന്തിരമായി ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്- കുടുംബശ്രീ യൂണിറ്റുകളെ ഏല്പിക്കുന്നില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ, പദ്ധതിയോടനുബന്ധിച്ച് നടപ്പിലാക്കേണ്ട സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് കോട്ട് ചെയ്തിട്ടുള്ള റെനിൻ ബേബി, കടുത്തുരുത്തി എന്നയാൾക്ക് നൽകിയിട്ടുള്ളതായി കാണുന്നു. തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 14.9.2018ലെ2679/EGS/17/REGS കത്തിലെ നിർദ്ദേശ പ്രകാരം ഓരോ ഗ്രാമ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ കുടുംബശ്രീ സംരംഭക ഗ്രൂപ്പിനെ തൊഴിലുറപ്പ് പദ്ധതിക്കുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് നിർമ്മിക്കുന്നതിന് ചുമതലപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിരുന്നു. കൂടാതെ ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗ്രൂപ്പുകൾക്ക് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി പരിശീലനം നൽകേണ്ടതാണ്. പ്രസ്തുത ഗ്രൂപ്പുകൾക്ക് ആവശ്യമായ മൂലധനം നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി കുടുംബശ്രീ മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമ/ബ്ലോക്ക് തലത്തിൽ സ്വീകരിക്കേണ്ടതാണ്. ഓരോ ഗ്രാമപഞ്ചായത്തിലും കുറഞ്ഞത് 100 തൊഴിലുറപ്പ് പദ്ധതികൾ എങ്കിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന്റെ ചുമതല ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് തലത്തിൽ സന്നദ്ധരായ ഒരു ഗ്രൂപ്പിനെ ഏല്പിക്കുമ്പോൾ പ്രസ്തുത ഗ്രൂപ്പിന് വർഷത്തിൽ കുറഞ്ഞത് 5 ലക്ഷം രൂപയുടെയെങ്കിലും ടേൺ ഓവർ ഉണ്ടാകുന്നതാണ്. ഇത് അവരുടെ ഉപജീവനത്തെ സഹായിക്കും എന്ന വ്യക്തമായ നിർദ്ദേശം ഉണ്ടായിരുന്നിട്ടും ആര്യാട് ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. നിലവിലും ടെണ്ടർ മുഖാന്തിരമാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചുവരുന്നത്. തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ നിർദ്ദേശങ്ങൾക്ക് യാതൊരു വിലയും കല്പിക്കാതെ ഈ നിർദ്ദേശാനുസരണമുള്ള യാതൊരു നടപടികളും കൈക്കൊള്ളാതെ പദ്ധതി നടപ്പിലാക്കുന്നത് ഉചിതമായ നടപടിയല്ല. ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റുകളെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് നിർമ്മാണം ഏല്പിക്കുന്നതുവഴി പ്രസ്തുത യൂണിറ്റിലെ ഓരോ അംഗത്തിന്റേയും പ്രതിശീർഷ വരുമാനം വർദ്ധിക്കുന്നതിനും ഇത് അവരുടെ ക്രയശേഷി വർദ്ധിക്കുന്നതിനും

ഭൗതീക ജീവിത നിലവാരം ഉയരുന്നതിനും അതുവഴി സമൂഹത്തിന്റെ തന്നെ ഉന്നമനത്തിന് വഴിയൊരുക്കുന്നതുമായ മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് അനുകൂല നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 ഹോം കെയർ വിസിറ്റില്ലാത്ത ദിവസങ്ങളിലെ വാഹന വാടകയും ഭക്ഷണച്ചെലവും അംഗീകരിക്കുന്നില്ല

(എ) പ്രോജക്ട് നം.S0028/23,
വകയിരുത്തിയ തുക - 620000 ( വികസന ഫണ്ട്), ചെലവ് - 579459

(ബി), പ്രോജക്ട് നം.S0046/23 (സ്പിൽഓവർ),
വകയിരുത്തിയ തുക - 128420 ( വികസന ഫണ്ട്), ചെലവ് - 128415

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്ട് പരിശോധിച്ചതിൽ രജിസ്റ്റർ പ്രകാരം ഹോം കെയർ നടത്തിയിട്ടില്ലാത്ത ദിവസങ്ങളിൽ വാഹന വാടക ഇനത്തിലും ഭക്ഷണത്തിനായും തുക ചെലവഴിച്ചിട്ടുണ്ട്. ഹോം കെയർ ഇല്ലാത്ത ദിവസങ്ങളിൽ നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | തീയതി | വാഹന വാടക | ഭക്ഷണച്ചെലവ് | ബിൽ നം./തീയതി |
|---|---|---|---|---|
| S046/23 | 01.01.22 | 1385 | 245 | BRN400078362/07.05.22 |
| | 19.01.22 | 1385 | 240 | |
| | 07.02.22 | 1385 | 260 | BRN400078365/07.05.22 |
| | 16.02.22 | 1385 | | |
| S028/23 1 | 17.06.22 | 1435 | | BRN400284164/07.07.22 |
| | 18.06.22 | 1435 | | |
| 2 | 13.07.23 | 1435 | | BRN400378506 /03.08.22 |
| | 20.07.23 | 1435 | | |
| 3 | 17.08.22 | 1435 | | BRN400492587/01.09.22 |
| 4 | 10.01.23 | 1435 | | BRN401118500/01.02.23 |
| ആകെ | | 14150 | 745 | |

ഹോം കെയർ ഇല്ലാത്ത ദിവസങ്ങളിൽ വാഹനവാടക 14150/- രൂപയും ഭക്ഷണച്ചെലവ് 745/- രൂപയും ഉൾപ്പടെ ആകെ 14895/- രൂപ ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/26.09.23) മറുപടി ലഭ്യമാക്കിയില്ല. 14895/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-25 വയോജനങ്ങൾക്ക് കട്ടിൽ - അപാകതകൾ

പ്രോജക്ട് നം. – S0127/23

പ്രോജക്ടിന്റെ പേര് – വയോജനങ്ങൾക്ക് കട്ടിൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ്.സൂപ്പർവൈസർ

വകയിരുത്തൽ

വികസന ഫണ്ട് (പൊതുവിഭാഗം)- 469800

ചെലവ് - ബിൽ നം.31/22-23/17.03.23 തുക.464391

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതി പ്രകാരം 2022-23 ൽ SIDCOയിൽ നിന്നും 23.02.23 ലെ ALPY/22-23/189 നമ്പർ ഇൻവോയ്സ് പ്രകാരം 108 പേർക്ക് കട്ടിൽ വാങ്ങി നല്കിയിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Item | Qty | Rate | Amount |
|---|---|---|---|
| Wooden Single Cot | 108 | 3644 | 393552 |
| CGST | | | 35419.68 |
| SGST | | | 35419.68 |
| Round Off | | | -0.36 |
| Total Amount | | | 464391 |

സ.ഉ(കൈ)115/2022/ത.സ്വ.ഭ.വ 28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.1.14 (2) പ്രകാരം നിരാലംബരായ 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് പരമാവധി 4350 രൂപയിൽ അധികമാവാതെ കട്ടിൽ വാങ്ങി നൽകാവുന്നതാണ്. എന്നാൽ തൻവർഷം കട്ടിൽ കൈപ്പറ്റിയ 108 ഗുണഭോക്താക്കൾ നിരാലംബരാണെന്നൊ, ശയ്യാവലംബരാണെന്നൊ തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/21.09.23), മുൻ വർഷങ്ങളിൽ നടപ്പിലാക്കി വന്ന പദ്ധതി ആകയാൽ ആ രീതിയിൽ തന്നെ തുടർന്ന് വന്നതിനാൽ സംഭവിച്ച അപാകതയാണെന്നും ആവശ്യമുള്ള വയോജനങ്ങൾക്കാണ് കട്ടിൽ വിതരണം നടത്തിയതെന്നും മറുപടി ലഭ്യമാക്കി. സർക്കാർ മാർഗ്ഗരേഖ അനുശാസിക്കും വിധം പ്രോജക്ട് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-26 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - പ്രവൃത്തി പൂർത്തീകരിച്ചില്ല

സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ
പ്രോജക്ട് നം. - S 0003/23
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| ധനകാര്യകമ്മീഷൻ അവാർഡ് | 500000 | 500000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2000000 | 1331362 |
| അടങ്കൽ | 2500000 | 1831362 |

എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, ചേർത്തല അംഗീകരിച്ച് നൽകിയ എസ്റ്റിമേറ്റുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|---|

| | | |
|---|---|---|
| 1 | Estimate For Constructing Street Lines At Various Wards Under Electrical Section, Pathirappally | 1429510 |
| 2 | Estimate For Constructing Street Lines At Ward 17 Under Electrical Section, Pathirappally | 401852 |
| Total Amount | | 1831362 |

തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 57026414342 നമ്പർ അക്കൌണ്ടിലേക്ക് താഴെപറയുന്ന പ്രകാരം നൽകിയിട്ടുണ്ട്.

| ബിൽ നം./തീയതി | നൽകിയ തുക |
|---|---|
| 223/10.01.23 | 1331362 |
| 230/12.01.23 | 500000 |
| ആകെ | 1831362 |

കെ.എസ്.ഇ.ബി യ്ക്ക് നൽകിയ തുകയിൽ ക്രമ നമ്പർ 2 പ്രകാരമുള്ള 401852/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി.

എന്നാൽ ക്രമ നം.1 പ്രകാരമുള്ള 1429510/- രൂപയുടെ പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് വിശദീകരണവും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(8/25.09.23), പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണെന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. 1429510 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 പാലിന് സബ്സിഡി- ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടില്ല

പ്രോജക്ട് നമ്പർ – S0107/23

പ്രോജക്ടിന്റെ പേര് - പാലിന് സബ്സിഡി

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഡയറി ഫാം ഇൻസ്ട്രക്ടർ

വകയിരുത്തൽ

വികസന ഫണ്ട് - 559890

ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 100000

അടങ്കൽ – 859890

ചെലവ് : 553899/-

1.ബിൽ നം.2 തീ.10.11.2022-100000/-രൂപ

2.ബിൽ നം.3 തീ.26.11.2022-164182/-രൂപ

3.ബിൽ നം.7 തീ.16.3.2023-164123/-രൂപ

4.ബിൽ നം.8 തീ.16.3.2023-125594/-രൂപ

ആര്യാട് ഗ്രാമ പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം പാലിന് സബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ ട്രഷറിയിൽ നിന്നുള്ള യുണീക് ട്രാൻസാക്ഷൻ റഫറൻസ് പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവ് | ട്രഷറി ബിൽ റെഫറൻസ് നം. | തുക |
|---|---|---|---|
| 1 | രവീന്ദ്രൻ | 220601520220013 58032 | 1523 |
| 2 | സാബു എൻ | 220601520220013 58032 | 1157 |

| | | | |
|---|---|---|---|
| 3 | കമലമ്മ | 22060152022000746686 | 784 |
| 4 | ചന്ദ്രദാസ് | 22060152022000746686 | 570 |
| 5 | സാബു എൻ | 22060152022001358027 | 835 |
| 6 | കമലമ്മ | 22060152022000796147 | 19 |
| ആകെ | | | 4888 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/26.09.2023), ഡയറി ഫാം ഇൻസ്പെക്ടർ നല്കിയ മറുപടിയിൽ ഈ തുക ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് അറിയുന്നത് ഓഡിറ്റ് എൻക്വയറി ലഭ്യമായതിനു ശേഷം മാത്രമാണ്. ആയതിനാൽ പഞ്ചായത്തുമായി ആലോചിച്ച് ബെനിഫിഷ്യറിയുടെ അക്കൌണ്ടിലേക്ക് തുക ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. പദ്ധതി ആനുകൂല്യം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ലഭ്യമായി എന്നുറപ്പുവരുത്തി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ സാങ്കേതിക തകരാർ മൂലം അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെടാതെ വരുന്ന തുകകൾ യഥാസമയം ട്രഷറി അധികാരികളെ അറിയിച്ച് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ലൈഫ് ഭവന നിർമാണ പദ്ധതി

ഗ്രാമ പഞ്ചായത്തിലെ ലൈഫ് ഭവന നിർമാണ പദ്ധതി ആനുകൂല്യ വിതരണ രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ മുൻകാലങ്ങളിൽ ധനസഹായത്തിന്റെ ആദ്യഗഡു കൈപ്പറ്റിയ 2 ഗുണഭോക്താക്കൾ ഇപ്പോഴും ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. കൂടാതെ 2018 ൽ ആദ്യ ഗഡു കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിച്ച ഏതാനും പേർ നാളിതുവരെ നിർമ്മാണം പൂർത്തായാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | മാനുവൽ, തൈപ്പറമ്പ്, വാർഡ്-1 | 40000 | 21.07.2018 |
| 2 | ലത പുരുഷോത്തമൻ, ലത നിവാസ്, വാർഡ്-5 | 40000 | 26.08.2020 |
| 3 | രേഖ,മാടയ്ക്കൽ,വാർഡ്-17 | 360000 | 20.08.2018 |
| 4 | എലിസബത്ത്പീറ്റർ,ചാരങ്കാട്ട്, വാർഡ്-17 | 360000 | 15.10.2018 |
| 5 | പാർവ്വതി,വടക്കാലിശ്ശേരി, വാർഡ്-17 | 360000 | 26.11.2018 |

ലൈഫ് മിഷൻ മുഖേന ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.) നം.34 /2018/ ത.സ്വ.ഭ.വ. തീയതി 16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ആദ്യഗഡു കൈപ്പറ്റി വർഷങ്ങൾ പിന്നിട്ടിട്ടും ഭവന നിർമ്മാണം ആരംഭിക്കാത്ത ശ്രീ.മാനുവൽ, ശ്രീമതി. ലത പുരുഷോത്തമൻ എന്നീ ഗുണഭോക്താക്കളുടെ കാര്യത്തിൽ തുക തിരികെ

ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മറ്റ് പരാമർശിത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-29 സാംസ്കാരിക നിലയത്തിന് പ്രൊജക്ടറും സ്ക്രീനും - ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തി

പ്രോജക്ട് നം. - S0167/23 (വിദ്യാകിരണം)

വകയിരുത്തിയ തുക - 200000 (വികസന ഫണ്ട്)

ചെലവ് - 161018/- (BRN201320152182/28.03.2023)

വിദ്യാർത്ഥികൾക്ക് പ്രതിഭാപുരസ്കാരം, പൊതുവിദ്യാലയങ്ങളിലെ ഭിന്നശേഷിയുള്ള കുട്ടികൾക്ക് പഠനസഹായം, സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരി വിമുക്ത സുന്ദര ഗ്രാമം ക്യാമ്പയിൻ, സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം, കലാകായിക പരിശീലനം/അവതരണം, പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം, സ്പീച്ച് ആന്റ് ലേണിംഗ് വൈകല്യമുള്ള കുട്ടികൾക്ക് പഠനസഹായം, വിദ്യാർത്ഥികൾക്ക് തായ്ക്കോണ്ടോ/യോഗാ പരിശീലനം, ഗ്രന്ഥശാലകൾക്ക് പഠനസഹായമായി പ്രൊജക്ടർ/ലാപ്ടോപ്പ് എന്നിവ നൽകുന്നതിന് ലക്ഷ്യമിട്ട പദ്ധതിയാണ് "വിദ്യാകിരണം"

ഹെഡ് മാസ്റ്റർ, ഗവ. യു പി എസ് നടപ്പാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ സാംസ്കാരിക നിലയത്തിന് പ്രൊജക്ടറും സ്ക്രീനും വാങ്ങിയ ഇനത്തിൽ കെ എം ടെക്നോളജീസ് എന്ന സ്ഥാപനത്തിന് 161018/- രൂപ നൽകിയിട്ടുണ്ട്. വാങ്ങിയ ഇനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| Description Of Goods | Quantity | Amount Including GST | Invoice No./Date |
|---|---|---|---|
| Multimedia Projector Epsom EB-L200w | 1 | 156518 | KMR/22-2 /2826/ 20.03.2023 |
| Tripod Stand With Screen 4:3 Vivido TSS 7*5 | 1 | 4500 | KMR/22-2 /2827/ 20.03.2023 |
| Total | | 161018 | |

സ്ഥാപനം ലഭ്യമാക്കിയ പ്രൊജക്ടർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ പ്രസിഡന്റിന്റെ മുറിയിലും സ്ക്രീൻ കൗൺസിൽ ഹാളിലും സൂക്ഷിച്ചിരിക്കുന്നതായി ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. പഞ്ചായത്തിലെ ഗ്രന്ഥശാലകൾക്ക് ആവശ്യംവരുമ്പോൾ ഇഷ്യൂ രജിസ്റ്ററിൽ ചേർത്ത് നൽകുന്നതിനായാണ് ഉപകരണങ്ങൾ വാങ്ങിയതെന്നും സാംസ്കാരിക നിലയത്തിന്റെ കെട്ടിടം സുരക്ഷിതമല്ലാത്തതിനാലാണ് പഞ്ചായത്ത് ഓഫീസിൽ ഇവ സൂക്ഷിച്ചിട്ടുള്ളതെന്നും ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (02/19.09.23) മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. കൂടാതെ നാളിതുവരെ ഗ്രന്ഥശാലകളൊന്നും പ്രൊജക്ടർ ആവശ്യപ്പെട്ടിട്ടില്ല എന്നും മറുപടി നൽകി. ആവശ്യകത നിർണ്ണയിക്കാതെയാണ് 161018/- രൂപ ചെലവഴിച്ച് മേൽ ഉപകരണങ്ങൾ വാങ്ങിയത് എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ആവശ്യകത മുൻകൂട്ടി നിശ്ചയിച്ച് മാത്രം പദ്ധതികൾക്ക് രൂപം നൽകേണ്ടതും അംഗീകാരം വാങ്ങി നടപ്പിലാക്കേണ്ടതുമാണ്. കൂടാതെ പദ്ധതിയുടെ ഭൗതിക ലക്ഷ്യം സാക്ഷാൽക്കരിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്. പദ്ധതിയുടെ ഉദ്ദേശലക്ഷ്യം സാക്ഷാൽക്കരിക്കപ്പെടുന്നവിധം മാത്രം പദ്ധതിപ്പണം ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രൊജക്ടർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന നിലയിൽ




## 1-30 മുട്ടക്കോഴി വിതരണം-വിതരണ രേഖകൾ പൂർണ്ണമല്ല

പ്രോജക്റ്റ് നം.S0131/23 – മുട്ടക്കോഴി വിതരണം

അടങ്കൽ – 540000/-(വികസന ഫണ്ട്), ചെലവ് – 540000/-

ട്രഷറി ബിൽ നം.4/28.11.22,156000/-, 5/13.12.22,175200/-, 13/29.3.23,162600/-, 14/29.3.23,46200/-

വെറ്ററിനറി സർജൻ നടപ്പിലാക്കിയ മേൽ പ്രോജക്റ്റിനായി കെ.എം. എഗ്ഗർ നഴ്സറിയിൽ നിന്നും 3040 കോഴിക്കുഞ്ഞുങ്ങളെയും, ജോസഫ് വർഗ്ഗീസ് എഗ്ഗർ നഴ്സറിയിൽ നിന്നും 1460 കോഴിക്കുഞ്ഞുങ്ങളെയും ഒന്നിന് 120/- രൂപ നിരക്കിൽ ആകെ 4500 എണ്ണം വാങ്ങിയിട്ടുണ്ട്. ഓഡിറ്റിൽ ലഭ്യമാക്കിയ വാർഡ് അടിസ്ഥാനത്തിലുള്ള വിതരണ രേഖകൾ പ്രകാരം 879 ഗുണഭോക്താക്കൾക്കായി 5 കോഴിക്കുഞ്ഞുങ്ങളെ വീതം 4395 എണ്ണം വിതരണം നടത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം. | ഗുണഭോക്താക്കളുടെ എണ്ണം | വാർഡ് നം. | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 47 | 10 | 49 |
| 2 | 53 | 11 | 42 |
| 3 | 50 | 12 | 54 |
| 4 | 46 | 13 | 39 |
| 5 | 53 | 14 | 64 |
| 6 | 57 | 15 | 52 |
| 7 | 53 | 16 | 45 |
| 8 | 52 | 17 | 13 |
| 9 | 50 | 18 | 60 |
| | | ആകെ | 879 X5=4395 |

മേൽ സൂചിപ്പിച്ചിട്ടുള്ളതു പോലെ 879 ഗുണഭോക്താക്കൾക്കായി 4395 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതായി വാർഡ് അടിസ്ഥാനത്തിൽ ഒരു ബുക്കിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു. ബാക്കി 105 കോഴിക്കുഞ്ഞുങ്ങളുടെ വിതരണ വിവരങ്ങൾ ഹാജരാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ്

എൻക്വയറി (6/23.09.23) നൽകിയപ്പോൾ വെറ്ററിനറി സർജൻ താഴെ പറയും പ്രകാരമാണ് മറുപടി നൽകിയിട്ടുള്ളത്. 17-ാം വാർഡ് മൃഗാശുപത്രിയിൽ നിന്നും ഏകദേശം 8 Km ദൂരം ഉള്ളതിനാൽ ടി വാർഡിലെ ഗുണഭോക്താക്കൾക്ക് ഈ വാർഡിൽ വെച്ചാണ് കോഴിക്കുഞ്ഞുങ്ങളെ വിതരണം നടത്തിയിട്ടുള്ളത്. ആയതിനാൽ 21 ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രത്യേകം സൂക്ഷിച്ചുവെന്നും ആയത് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി സമർപ്പിക്കുന്നു എന്ന് സൂചിപ്പിച്ചാണ് 105 കോഴിക്കുഞ്ഞുങ്ങളുടെ വിതരണ വിവരങ്ങൾ ലഭ്യമാക്കിയത്. ഇത് അംഗീകരിക്കാവുന്നതല്ല. കാരണം മേൽ പട്ടിക പ്രകാരം 17-ാം വാർഡിൽ 13 ഗുണഭോക്താക്കൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയാണ് ഫയൽ സമർപ്പിച്ചിരുന്നത്. ആയതിനാൽ മറുപടിയോടൊപ്പം ഹാജരാക്കിയ ലിസ്റ്റ് കൂടി പരിഗണിച്ചാൽ 17-ാം വാർഡിൽ ആകെ 34 ഗുണഭോക്താക്കൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതായി കണക്കാക്കേണ്ടിവരും. ഇത് വസ്തുതാ വിരുദ്ധമാണെന്ന് പ്രഥമദൃഷ്ട്യാ മനസ്സിലാകുന്നതാണ്. കൂടാതെ എൻക്വയറിയെ തുടർന്ന് ഒരു പേപ്പറിൽ 21 ഗുണഭോക്താക്കളുടെ പേരും ഒപ്പും ഒരാളുടേതെന്ന് തോന്നിക്കുന്ന കൈപ്പടയിലുള്ളതും നിർവ്വഹണ ഉദ്യോഗസ്ഥനോ വാർഡ് മെമ്പറോ സാക്ഷ്യപ്പെടുത്താത്തതുമായ ഒരു ലിസ്റ്റാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥനോ വാർഡ് മെമ്പറോ സാക്ഷ്യപ്പെടുത്തിയതും ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച വിതരണ രേഖകൾ ഹാജരാക്കുന്നതുവരെ 105 കോഴിക്കുഞ്ഞുങ്ങളുടെ വിലയായ 12600/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 ആർ.ഒ.പ്ളാന്റ് മെയിന്റനൻസ്- പ്രവൃത്തി നടപ്പിലാക്കിയില്ല

പ്രോജക്ട് നം. - S 0262/23

പ്രോജക്ടിന്റെ പേര് - ആർ.ഒ.പ്ലാന്റ് മെയിന്റനൻസ്- എ.എം.സി. തുക വാട്ടർ അതോറിറ്റിക്ക് അടവാക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| ധനകാര്യകമ്മീഷൻ അവാർഡ് | 238000 | 238000 |

എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, ആലപ്പുഴയുടെ 5.12.22 ലെ KWA/PHA/ D3/13770/22 നമ്പർ കത്ത് പ്രകാരം, താഴെ ചേർക്കുന്ന പ്രവൃത്തിയുടെ അടങ്കൽ തുകയായ 238000 രൂപ നൽകുന്ന മുറയ്ക്ക് നിക്ഷേപ പ്രവൃത്തിയായി നടത്തപ്പെടും എന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 238000 രൂപ വാട്ടർ അതോറിറ്റിക്ക് നൽകി (ബിൽ റഫറൻസ് നം-267/15.02.23).

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | Repair And Maintenance Of R.O.Plant Owned By Aryad Grama Panchayath At Plasukulam,Charamparambu And Ayurveda Hospital For A Period Of One Year | 238000 |

എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ചമച്ച 28/27.02.23 നമ്പർ കരാറിൽ എക്സിക്യൂട്ടിവ് എഞ്ചിനീയർ ഒപ്പിട്ടിട്ടില്ല. 15.9.23 ൽ എ2/971/23 നമ്പർ കത്തിൽ പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം സെക്രട്ടറി ആവശ്യപ്പെട്ടു.ആയതിന് പ്രവൃത്തി നടപ്പിലാക്കുന്നതിനായി 3 തവണ ഇ-ടെണ്ടർ നടപടി സ്വീകരിച്ചെങ്കിലും ആരും ടെണ്ടറിൽ പങ്കെടുത്തില്ല. ആയതിനാൽ റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു എന്ന് എക്സിക്യൂട്ടിവ് എഞ്ചിനീയർ 4.7.23 ൽ KWA/PHA/D3/13770/2022 നമ്പർ കത്തിൽ മറുപടി നൽകി. ഫയലിൽ പ്രവൃത്തി ചെയ്തതിന്റെ രേഖയില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/25.09.23) പ്രവൃത്തി നടപ്പിലാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. പ്രവൃത്തിയ്ക്കായി എ.എം.സി. നൽകി ഒരു വർഷം കഴിഞ്ഞിട്ടും വാട്ടർ അതോറിറ്റി ടെണ്ടർ

നടപടിക്രമങ്ങൾ പോലും പൂർത്തിയാക്കിയിട്ടില്ല. ചെലവ് തുക 238000 രൂപ തടസ്സപ്പെടുത്തുന്നു. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-32 ആര്യാട് കുരുമുളക് ഗ്രാമം - വിതരണത്തിൽ അപാകതകൾ

ആര്യാട് കുരുമുളക് ഗ്രാമം

പ്രോജക്ട് നം - S 0068/23(സ്പിൽ ഓവർ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട്(പൊതുവിഭാഗം) | 383100 | 383100 |

KAICO യുടെ 13.01.21 ലെV-406A/20-21 നമ്പർ ഇൻവോയ്സിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Item | Qty(nos) | Rate | Total |
|---|---|---|---|
| Bush Pepper | 5468 | 80.01 | 437500 |

13.1.21 ലെ മേൽ ഇൻവോയ്സ് പ്രകാരം ലഭ്യമായ 5468 കുരുമുളക് തൈകൾ സ്റ്റോക്കിലെടുത്ത് (സ്റ്റോക്ക് രജിസ്റ്റർ -I,പേജ് 142) ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകളും ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/26.09.23) കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടിയും താഴെ ചേർക്കുന്നു.

അപാകത(1)

ഹാജരാക്കിയ വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിതരണ വിവരം താഴെ കൊടുക്കുന്നു.

| വാർഡ് നം | ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണം | വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരംതൈ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം | കൈപ്പറ്റിയ കുരുമുളക് തൈയുടെ എണ്ണം |
|---|---|---|---|
| 1 | 30 | 30 | 310 |
| 2 | 30 | 30 | 300 |
| 3 | 30 | 30 | 305 |
| 4 | 30 | 30 | 305 |
| 5 | 30 | 30 | 301 |
| 6 | 30 | 30 | 300 |
| 7 | 30 | 30 | 301 |
| 8 | 30 | 30 | 302 |

| | | | |
|---|---|---|---|
| 9 | 30 | 30 | 330 |
| 10 | 30 | 30 | 300 |
| 11 | 30 | 30 | 301 |
| 12 | 30 | 30 | 302 |
| 13 | 30 | 30 | 302 |
| 14 | 30 | 30 | 301 |
| 15 | 16 | 16 | 274 |
| 16 | 30 | 30 | 316 |
| 17 | 30 | 30 | 313 |
| 18 | 30 | 30 | 305 |
| ആകെ | | | 5468 |

മേൽ പട്ടിക പ്രകാരം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുടെയും പേരെഴുതി തൈ കൈപ്പറ്റിയ എണ്ണം രേഖപ്പെടുത്തിയ ഒരു ലിസ്റ്റാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ 21.09.23ൽ കൃഷി ഓഫീസറുടെ സാന്നിധ്യത്തിൽ വാർഡ് 2 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ഗുണഭോക്താക്കളിൽ നിന്ന് ലഭിച്ച വിവരവും വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരവും താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, വീട്ടുപേര് | പ്രാദേശിക പരിശോധനയിൽ ഗുണഭോക്താവ് കൈപ്പറ്റിയതായി മൊഴി നൽകിയ തൈകളുടെ എണ്ണം | വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം കൈപ്പറ്റിയ കുരുമുളക് തൈയുടെ എണ്ണം | വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം അധികം വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള കുരുമുളക് തൈയുടെ എണ്ണം |
|---|---|---|---|---|
| 1 | സുധർമ്മ, തൈവെളി | 2 | 10 | 8 |
| 2 | ലില്ലിക്കുട്ടി ഇലഞ്ഞിക്കൽ | 2 | 10 | 8 |
| 3 | പ്രസന്നകുമാരി ആലുംപറമ്പ് | 5 | 10 | 5 |
| 4 | മിനി കിഴക്കേവെളി | 0 | 10 | 10 |
| 5 | നീന അനിൽകുമാർ ചിറ്റുവേലിക്കകം | 0 | 10 | 10 |
| 6 | ഓമനലാൽ ചിറ്റുവേലിക്കകം | 0 | 10 | 10 |
| 7 | അനിത ജയപാലൻ | 0 | 10 | 10 |

| | | | | |
|---|---|---|---|---|
| | ചിറ്റുവേലിക്കകം | | | |

മേൽ പട്ടികയിൽ നിന്നും വിതരണ സ്റ്റേറ്റ്മെന്റ് വ്യാജമായി തയ്യാറാക്കിയതാണെന്ന് ബോധ്യമാവുന്നു.

നിലവിലെ കൃഷി ഓഫീസർ ശ്രീമതി. അനില.എം.എ ലഭ്യമാക്കിയ മറുപടി

നിലവിലെ കൃഷി ഓഫീസർ അനില.എം.എ, 11.10.21 ലാണ് ചാർജ് എടുത്തത്. മേൽ പ്രോജക്ട് 2020-21 വർഷം ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന കൃഷി ഓഫീസർ ശ്രീമതി ജിഷമോൾ.എം നിർവ്വഹിച്ചതാണ്. 5468 കുരുമുളക് തൈകൾ 13.01.21 ൽ ആണ് സ്റ്റോക്ക് രജിസ്റ്റർ I പേജ് 142 ൽ ചേർത്തിരിക്കുന്നതും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളതും. നിലവിലെ കൃഷി ഓഫീസർ ചാർജ് എടുക്കുമ്പോൾ ടി പദ്ധതി 2021-22 ൽ സ്പിൽ ഓവറായിരുന്നു. മതിയായ രേഖകൾ ഓഫീസിൽ ഇല്ലാത്തതിനാൽ നിലവിലെ കൃഷി ഓഫീസർ തുക മാറി നൽകിയില്ല. 11.03.22 ലെ പഞ്ചായത്ത് കമ്മിറ്റി 4(3) തീരുമാനപ്രകാരം ഗുണഭോക്തൃലിസ്റ്റും വിതരണരേഖകളും ഇല്ലാതെ തുക കെയ്സ്റ്റോയ്ക്ക് നൽകാൻ ആവില്ല എന്ന കൃഷി ഓഫീസർ അനില.എം.എ യുടെ കത്ത് കമ്മിറ്റി പരിഗണിച്ചു. അതുപ്രകാരം ടി ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കളുടെ ലിസ്റ്റ് കൈമാറുന്നതിന് വാർഡ് മെമ്പർമാരോട് അഭ്യർത്ഥിച്ച തീരുമാനിച്ചിരുന്നു. 11.03.22 ലെ പഞ്ചായത്ത് കമ്മിറ്റി 4(4) തീരുമാനപ്രകാരം, കെയ്സ്റ്റോയ്ക്ക് രേഖകളുടെ അഭാവത്തിൽ തുക മാറി നൽകിയാൽ ഓഡിറ്റ് ഒബ്ജക്ഷൻ വരുമെന്നും ടി പദ്ധതികളുടെ രേഖകൾ ഒന്നുംതന്നെ കൈമാറാതെയാണ് പ്രോജക്ട് നടപ്പിലാക്കിയ മുൻ കൃഷി ഓഫീസർ വിട്ടുതൽ ചെയ്തതെന്നുമുള്ള കൃഷി ഓഫീസർ അനില.എം.എ യുടെ കത്ത് കമ്മിറ്റി പരിഗണിച്ചു. ആയതിന്റെ രേഖകൾ ഉടൻ കൈമാറുന്നതിന് മുൻ കൃഷി ഓഫീസർക്ക് കത്ത് നൽകുന്നതിന് കമ്മിറ്റി തീരുമാനിച്ചിരുന്നു. പിന്നീട് മെമ്പർമാർ നൽകിയ വിതരണ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 2022-23 ലും സ്പിൽ ഓവറായ പ്രോജക്ടിൽ നിന്നും തുക മാറി നൽകുക മാത്രമാണ് നിലവിലെ കൃഷി ഓഫീസർ ചെയ്തത്.

അപാകത(2)

വിതരണ സ്റ്റേറ്റ്മെന്റും അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റും പരിശോധിച്ചത് പ്രകാരം കുരുമുളക് തൈ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുള്ള താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം | വാർഡ് നം | ഗുണഭോക്താവിന്റെ പേര്,വീട്ടുപേര് | വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം കൈപ്പറ്റിയ കുരുമുളക് തൈയുടെ എണ്ണം |
|---|---|---|---|
| 1 | 2 | സലിലദേവി,വാത്തികാട് | 10 |
| 2 | 7 | ആശ,കൊരാത്ത് | 10 |
| 3 | 11 | തിലോത്തമ,മീനപ്പള്ളി | 10 |

മറുപടി

2020-21 വർഷത്തിൽ കൊറോണ പടർന്നു പിടിച്ചതിനാൽ ഗുണഭോക്തൃലിസ്റ്റ് കൂടാതെയാണ് ടി വർഷം പ്രോജക്ടുകൾ നിർവ്വഹിച്ചിട്ടുള്ളത്. മെമ്പർമാർ തയ്യാറാക്കി നൽകിയ വിതരണ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ 2023 ൽ കമ്മിറ്റി പാസാക്കി തന്ന ഗുണഭോക്തൃലിസ്റ്റാണ് ഓഡിറ്റിൽ സമർപ്പിച്ചത്. ടി ലിസ്റ്റിൽ 3 പേരുകൾ വിട്ടുപോയത് ക്ളറിക്കൽ പിഴവാണ്.

അപാകത(3)

പ്രോജക്ട് 2020-21 വർഷം ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന കൃഷി ഓഫീസർ ശ്രീമതി ജിഷമോൾ.എം നിർവ്വഹിച്ചതാണ്. 5468 കുരുമുളക് തൈകൾ 13.01.21 ൽ ആണ് സ്റ്റോക്ക് രജിസ്റ്റർ I പേജ് 142 ൽ ചേർത്തിരിക്കുന്നതും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളതും. KAICO യുടെ ഇൻവോയ്സ് പ്രകാരം വാങ്ങിയ 5468 കുരുമുളക് തൈയുടെ വില 437500 രൂപയായിരുന്നു. നിലവിലെ

കൃഷി ഓഫീസർ ചാർജ് എടുക്കുമ്പോൾ ടി പദ്ധതി 2021-22 ൽ സ്പിൽ ഓവറായിരുന്നു.എന്നാൽ സ്പിൽ ഓവർ പ്രോജക്ടിൽ 383100 രൂപയാണ് വകയിരുത്തിയിരുന്നത്.രേഖകൾ പൂർണ്ണമായും കൈമാറി നൽകാതിരുന്നതിനാൽ 21-22ൽ നിലവിലെ കൃഷി ഓഫീസർ കെയ്ക്കോയ്ക്ക് തുക മാറി നൽകിയില്ല.2022-23 ലും പ്രോജക്ട് 383100 വകയിരുത്തി സ്പിൽ ഓവറായി അംഗീകാരം ലഭ്യമാക്കി. തുടർന്ന് 11.03.22 ലെ പഞ്ചായത്ത് കമ്മിറ്റി 4(3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബിൽ നം.1/22-23/4.6.22 പ്രകാരം KAICO യ്ക്ക് 383100രൂപ നൽകി. ബാലൻസ് തുക 54400 രൂപ KAICO യ്ക്ക് നൽകിയിട്ടില്ല. വകയിരുത്തലിനേക്കാൾ അധികമായി 437500 രൂപയ്ക്ക് കുരുമുളക് തൈ വാങ്ങിയത് മുൻ കൃഷി ഓഫീസർ ശ്രീമതി ജിഷമോൾ.എം ആണ്. 2021-22 ലും 2022-23 ലും പ്രോജക്ട് സ്പിൽ ഓവർ ആയപ്പോഴും 383100 മാത്രമാണ് വകയിരുത്തിയതെന്നും ആയതുപ്രകാരം തുക മാറി നൽകിയതെന്നും നിലവിലെ കൃഷി ഓഫീസർ അറിയിച്ചു.

അപാകത(4)

ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 18 വാർഡുകളിലായി 526 ഗുണഭോക്താക്കൾ ഉള്ളതിൽ, 39 പേരുടെ അപേക്ഷ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ആയതിൽ അനുബന്ധ രേഖകൾ ഒന്നും തന്നെ ഉള്ളടക്കം ചെയ്തിട്ടില്ല.

മറുപടി

കൃഷി ഭവനിൽ ലഭ്യമായ 39 പേരുടെ അപേക്ഷ മാത്രമേ സമർപ്പിക്കുവാൻ സാധിച്ചുള്ളൂ. 11.03.22 ലെ 4(4) നം. കമ്മിറ്റി തീരുമാന പ്രകാരം മുൻ കൃഷി ഓഫീസറോട് രേഖകൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

അപാകത(5)

സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മറുപടി

2020-21 ൽ ഡ്യൂട്ടിയിലുണ്ടായിരുന്ന കൃഷി ഓഫീസർ ശ്രീമതി ജിഷമോൾ.എം ആയിരുന്നു സ്റ്റോക്ക് എൻട്രി നടത്തി വിതരണം ചെയ്തതായി രേഖപ്പെടുത്തിയത്. സ്റ്റോക്ക് എല്ലാം വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരുന്നെങ്കിലും ആയത് ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിരുന്നില്ല.

2021-22 ൽ പ്രോജക്ട് സ്പിൽ ഓവർ ആയെങ്കിലും ബിൽ നം.1/22-23/4.6.22 പ്രകാരം 22-23 ൽ ആണ് KAICO യ്ക്ക് 383100 രൂപ നൽകിയിട്ടുള്ളത്. നാളിതുവരെ KAICO ബാലൻസ് തുക ആവശ്യപ്പെട്ടിട്ടില്ല. ഇതിൽ നിന്നും കുരുമുളക് തൈകൾ 5468എണ്ണവും KAICO സപ്ലൈ ചെയ്തിട്ടുണ്ടോയെന്നത് വ്യക്തമല്ല. ആയതിനാൽ KAICO സപ്ലൈ ചെയ്ത കുരുമുളക് തൈകളുടെ എണ്ണം സംബന്ധിച്ചും അവയുടെ വിതരണം സംബന്ധിച്ചും വിശദമായ അന്വേഷണത്തിന് ശുപാർശചെയ്യുന്നു. അതുപോലെ KAICO യ്ക്ക് തുക നൽകുവാൻ വേണ്ടിമാത്രം വസ്തുതാവിരുദ്ധമായ വിതരണ ലിസ്റ്റ് തയ്യാറാക്കുവാൻ സഹായിച്ച നിർവ്വഹണ ഉദ്യോഗസ്ഥയുൾപ്പെടെയുള്ള എല്ലാവരുടേയും പങ്ക് അന്വേഷണ വിധേയമാക്കേണ്ടതാണ്. വ്യക്തമായ വിതരണ രേഖകളുടെ അഭാവത്തിൽ KAICO യ്ക്ക് നൽകിയ 383100 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 സമന്വയ രണ്ടാം ഘട്ടം-ഹരിത കിരണം - വനിത സംയോജിത കൃഷി ഗ്രൂപ്പ് - അപാകതകൾ

പ്രോജക്ട് നം - S 0124/23

പ്രോജക്ടിന്റെപേര് - സമന്വയ രണ്ടാം ഘട്ടം-ഹരിത കിരണം - വനിത സംയോജിത കൃഷി ഗ്രൂപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട്(പൊതുവിഭാഗം) | 297785 | 297785 |

2020-21 സാമ്പത്തിക വർഷത്തെ S0090/21 നം. പ്രോജക്റ്റിൽ ഉൾപ്പെട്ടതായിരുന്ന സമന്വയ രണ്ടാം ഘട്ടം-ഹരിത കിരണം - വനിത സംയോജിത കൃഷി ഗ്രൂപ്പ് പ്രോജക്ട്. 20-21 ൽ പ്രസ്തുത പ്രോജക്റ്റിൽ ഉൾപ്പെടുത്തി KAICO യിൽ നിന്നും വാങ്ങലും നടത്തി (ഇൻവോയ്സ് വിവരം താഴെ പട്ടിയിൽ കാണുക). 2020-21 ൽ കെയ്കോയ്ക്ക് തുക നൽകാഞ്ഞതിനാൽ, 2021-22 വർഷം പ്രോജക്ട് സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയെങ്കിലും ഫണ്ടിന്റെ ലഭ്യത കുറവ് മൂലം റിവിഷൻ ചെയ്യപ്പോൾ ഉപേക്ഷിക്കേണ്ടി വന്നു. ആയതിനാൽ ടി പ്രോജക്റ്റിന്റെ ചെലവ് തുക മാറി നൽകണമെന്ന് കൃഷി ഓഫീസർ ആവശ്യപ്പെട്ടത് കമ്മറ്റി ചർച്ച ചെയ്തു. 20-21 വർഷത്തെ ഡി.പി.സി.അംഗീകാരം ലഭിച്ച പ്രസ്തുത പദ്ധതിയ്ക്ക് കെയ്കോ, തിരുവല്ലയിൽ നിന്നും പച്ചക്കറി കൃഷിയ്ക്കാവശ്യമായ വിത്തുകളും തൈകളും എല്ലാ വാർഡുകളിലും 31.01.21 ൽ വിതരണം നടത്തി പദ്ധതി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ളതാണെന്ന് കമ്മറ്റിയ്ക്ക് ഉത്തമ ബോദ്ധ്യം ഉള്ളതിനാലും ടി പദ്ധതിയുടെ തുകയായ 297785 രൂപ 22-23 വർഷത്തെ വികസന ഫണ്ട് ജനറലായി വകയിരുത്തി സ്പിൽ ഓവറായോ പുതുതായോ ഉൾപ്പെടുത്തി തുക നൽകുന്നതിന് അനുവാദം നൽകണമെന്ന് ബഹു.കേരള സംസ്ഥാന കോ-ഓർഡിനേഷൻ സമിതിയോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു (7.6.22 ലെ 2(1) നം.തീരുമാനം). ആയതിന്റെ അടിസ്ഥാനത്തിൽ 22-23 വർഷം പുതിയ പ്രോജക്റ്റായി അംഗീകാരം ലഭിച്ചു.

KAICO യുടെ 30.01.21 ലെV-449A/20-21 നം.ഇൻവോയ്സിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Sl.no | Item | Qty | Rate | Total |
|---|---|---|---|---|
| 1 | Vegetable Seed Pkt | 886 Pkt | 50 | 44300 |
| 2 | Hybrid Vegetable Seedlings | 24164 Nos | 2.20 | 53160.80 |
| 3 | Bananasucker Njalipoovan | 4430 Nos | 15 | 66450 |
| 4 | Tuber Kit | 886 Nos | 151.10 | 133874.60 |
| TOTAL | | | | 297785 |

സ്റ്റോക്ക് രജിസ്റ്റർ -I,പേജ് 143 പ്രകാരം 30.1.21 ലെ മേൽ ഇൻവോയ്സ് പ്രകാരമുള്ളവ സ്റ്റോക്കിലെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

കെയ്കോയ്ക്ക് തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ബിൽ നം.2/22-23/26.9.22 തുക.297785

ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്റ്റോക്ക് രജിസ്റ്റർ ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല
2. സ്റ്റോക്ക് രജിസ്റ്ററിൽ വിതരണ വിവരം രേഖപ്പെടുത്തിയിട്ടില്ല
3. ഗ്രൂപ്പുകളുടെ അപേക്ഷകളും അനുബന്ധരേഖകളും ഹാജരാക്കിയിട്ടില്ല
4. ഹാജരാക്കിയ വിതരണ രജിസ്റ്ററിൽ 103 ഗ്രൂപ്പുകളുടെ പേരെഴുതി , വലതേയറ്റത്ത് ഗ്രൂപ്പിന്റെ പ്രസിഡന്റും സെക്രട്ടറിയും ഒപ്പിട്ടിട്ടുണ്ട്. എന്നാൽ മേൽ ഇൻവോയ്സ് പ്രകാരമുള്ള ഒരു സാധനവും വിതരണം ചെയ്തതായി രേഖപ്പെടുത്തൽ ഇല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/26.09.23) കൃഷി ഓഫീസർ

ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തിയ 2020-21 ൽ ഡ്യൂട്ടിയിലുണ്ടായിരുന്ന കൃഷി ഓഫീസർ ശ്രീമതി ജിഷമോൾ.എം ആയത് സാക്ഷ്യപ്പെടുത്തുകയോ വിതരണ വിവരം രേഖപ്പെടുത്തുകയോ ചെയ്തിരുന്നില്ലെന്നും ഈ പദ്ധതി 21-22 ലും, 22-23 ലും സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്നതും ടിയാൾ തന്നെയായിരുന്നു എന്നും ടിയാൾ വിടുതൽ ചെയ്യുമ്പോൾ രേഖകൾ ഒന്നും തന്നെ കൈമാറിയിരുന്നില്ലെന്നും അറിയിച്ചു. കൂടാതെ ഈ പ്രോജക്ട് പ്രകാരം 31.01.21 ൽ ആനുകൂല്യം വിതരണം ചെയ്തതായും പദ്ധതി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ളതായി കമ്മറ്റിക്ക് ഉത്തമ ബോധ്യം ഉള്ളതിനാലും ചെലവ് തുക മാറി നൽകാൻ നിലവിലെ കൃഷി ഓഫീസറെ 07.06.22 ലെ 2(1) നമ്പർ തീരുമാന പ്രകാരം ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തുക മാറി നൽകുകയാണുണ്ടായത്. അതുപോലെ കൃഷി ഓഫീസിൽ ലഭ്യമായിരുന്ന സമന്വയ രണ്ടാംഘട്ടം വിതരണ രജിസ്റ്ററിൽ ഗ്രൂപ്പുകളുടെ പേരും പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും ഒപ്പുകളും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും അറിയിച്ചു. രേഖകൾ ഹാജരാക്കാത്തതിനാൽ കെയ്ക്കോയ്ക്ക് നൽകിയ 297785 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൂടുതൽ അന്വേഷണത്തിനായി ഭരണവകുപ്പിനെ ചുമതലപ്പെടുത്തുന്നു.

1-34 പഞ്ചായത്തിലെ സാംസ്കാരികനിലയം ജീർണ്ണാവസ്ഥയിൽ

പഞ്ചായത്ത് വക ഒരു പഴയ കെട്ടിടത്തിലാണ് നിലവിൽ സാംസ്കാരിക നിലയം പ്രവർത്തിക്കുന്നത്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഇപ്പോൾ 4381 പുസ്തകങ്ങൾ സ്റ്റോക്കിലുണ്ട്. എന്നാൽ ഇവയിൽ പലതും അംഗങ്ങൾ എടുത്തിട്ട് തിരികെ നൽകിയിട്ടില്ല. 2010,2013 വർഷങ്ങളിൽ അംഗങ്ങൾ എടുത്തപുസ്തകങ്ങൾ പലതും നാളിതുവരെ തിരികെ നൽകിട്ടില്ല എന്ന് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

പൊടിയും മാറാലയും പിടിച്ച മുറിയിൽ ചിതലരിച്ച് പുസ്തകങ്ങൾ നശിച്ചു കൊണ്ടിരിക്കുന്ന അവസ്ഥയാണ് പ്രാദേശിക പരിശോധനയിൽ കാണാൻ കഴിഞ്ഞത്. ഗ്രാമപഞ്ചായത്തിന്റെ സാംസ്കാരിക ഉന്നമനത്തിന് പ്രധാന പങ്കുവഹിക്കേണ്ട ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. പരീക്ഷാ കോച്ചിംഗ് ക്ലാസുകൾ പോലുള്ള വിവിധ പ്രവർത്തനങ്ങൾ സാമൂഹിക പ്രതിബദ്ധതയോടുകൂടി ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

പൊടിയും മാറാലയും പിടിച്ച് ചിതലരിച്ച പുസ്തകങ്ങൾ



1-35 ലൈഫ് പദ്ധതി - നിർമ്മാണം അവസാന ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പാതിവഴിയിൽ

ലൈഫ് പദ്ധതി - ഭവനനിർമ്മാണം എസ് സി

നിർവ്വഹണം - വി ഇ ഒ, ഐക്യഭാരതം സർക്കിൾ

ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് 400000/- രൂപ വീതം നൽകിയിട്ടുള്ള ഗുണഭോക്താക്കളുടെ വീട് നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ സാന്നിധ്യത്തിൽ 26.09.2023 തീയതി 3.00pm ന് സ്ഥലപരിശോധന നടത്തി. സ്ഥലപരിശോധനയിൽ

ഓഡിറ്റിന് ബോദ്ധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.ത്രേസ്യാമ്മ.കൊച്ചീക്കാരൻ വീട്, ചെട്ടികാട്

നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. സ്റ്റെയർ റൂം നിർമ്മാണത്തിനായി ഭിത്തികെട്ടിയിട്ടുണ്ടെങ്കിലും അതിന്റെ റൂഫ് വാർത്തിട്ടില്ല. കൂടാതെ വീടിന് വാതിലും ജനലും പിടിപ്പിക്കുകയോ പ്ലാസ്റ്ററിങ്ങോ ചെയ്തിട്ടില്ല. ത്രേസ്യാമ്മ,അവരുടെ മകൻ, മരുമകൾ എന്നിവരാണ് വീട്ടിലെ താമസക്കാർ. മകൻ ഖത്തറിലാണ് ജോലിചെയ്യുന്നത് എന്ന് ഇവർ അറിയിച്ചു. ഇതിൽ നിന്നും ടി ഗുണഭോക്താവിന്റെ അർഹത സംബന്ധിച്ച് അന്വേഷണത്തിനും വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനും ഭരണ സമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

നിർമ്മാണം പൂർത്തിയാക്കാത്ത വീട്



2. സൂസമ്മ, കുരിശിങ്കൽ, പാതിരപ്പള്ളി

നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഭിത്തി തേച്ചിട്ടില്ല.



ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു

| ഗുണഭോക്താവിന്റെ പേര് | നൽകിയതുക/ തീയതി | ആകെ നൽകിയതുക | റിമാർക്സ് |
|---|---|---|---|
| ത്രേസ്യാമ്മ | 40000/03.02.23 | 400000 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല |
| | 160000/09.03.23 | | |
| | 100000/18.03.23 | | |
| | 100000/31.03.23 | | |
| സൂസമ്മ | 40000/03.02.23 | 400000 | ഭവന നിർമ്മാണം |

| | | | |
|---|---|---|---|
| | 160000/09.03.23 | | പൂർത്തിയാക്കിയില്ല |
| | 100000/18.03.23 | | |
| | 100000/31.03.23 | | |

വാതിലും ജനലും പിടിപ്പിക്കുകയോ പ്ലാസ്റ്ററിങ്ങോ ചെയ്തിട്ടില്ലാത്ത വീടുകൾക്ക് അവസാനഗഡു നൽകിയത് ക്രമപ്രകാരമല്ല. പ്രസ്തുത ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാത്തപക്ഷം നിർമ്മാണം പൂർത്തിയാക്കാതെ നൽകിയ അവസാന ഗഡു തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. അവസാന ഗഡുവായി നൽകിയ 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 അഗതി ആശ്രയ പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ അഗതി ആശ്രയ പദ്ധതി സംബന്ധിച്ച ഫയൽ മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ നിലവിൽ 123 അഗതികളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിലേക്ക് ജില്ലാ മിഷൻ പദ്ധതി പ്രകാരം കുടുംബശ്രീ എസ്സിക്യൂട്ടീവ് ഡയറക്ടറുടെ 10.3.2019ലെ കെ.എസ്/എൽ/7291/2018നമ്പർ ഉത്തരവനുസരിച്ച് ആര്യാട് ഗ്രാമ പഞ്ചായത്തിന് 38,38,400/- രൂപ മൂന്ന് തവണകളായി ചലഞ്ച് ഫണ്ട് അനുവദിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആശ്രയ അക്കൗണ്ടിൽ മുന്നിരിപ്പുണ്ടായിരുന്ന 999725/-രൂപ കുറച്ച് 279742/-രൂപ മാത്രമാണ് ആദ്യ ഗഡുവായി അനുവദിച്ചത്. ഈ തുക 12.6.2019ൽ വരവ് വന്നിട്ടുണ്ട്. രണ്ടാം ഗഡുവായി 1279467/- രൂപ അനുവദിച്ചത് 23.9.2020 ൽ പാസ്സ്ബുക്കിൽ വരവ് വന്നിട്ടുണ്ട്. മൂന്നാം ഗഡു തുക നാളിതുവരെയും ലഭിച്ചിട്ടില്ല. ഇപ്രകാരം ലഭ്യമായ തുക ഉപയോഗിച്ച് നിലവിലുള്ള 123അഗതികൾക്ക് ഭക്ഷ്യക്കിറ്റ് 2022 മെയ് മാസം വരെ നൽകിയിട്ടുണ്ട്. പിന്നീട് അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ 81/23നമ്പർ ആശ്രയ പദ്ധതി പ്രകാരം ബ്ലോക്ക് ഷെയറുൾപ്പെടെ 174998/-രൂപ ചെലവഴിച്ച് 10/22, 01/23, 02/23 എന്നീ മാസങ്ങളിൽ ഭക്ഷ്യക്കിറ്റ് നൽകിയിട്ടുണ്ട്. അഗതി കുടുംബങ്ങൾക്ക് എല്ലാ മാസത്തിലും ഭക്ഷ്യക്കിറ്റ് നൽകുന്നതിന് ആവശ്യമായ തുക വകയിരുത്താത്തതിനാലും ചലഞ്ച് ഫണ്ട് യഥാസമയം ലഭ്യമാകാത്തതിനാലും ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. നിർദ്ധന ജനവിഭാഗങ്ങളുടെ ക്ഷേമം എന്നത് അക്ഷരാർദ്ധത്തിൽ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

1996 ലെ കേരള പഞ്ചായത്തിരാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 31-10-17 ൽ വരുത്തിയ ഭേദഗതി ചട്ടങ്ങളിലെ പട്ടികII പ്രകാരമുള്ള മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം വാർഷിക ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടുള്ള താഴെകൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷ പരിശോധിച്ചതുപ്രകാരം മൂലധന നിക്ഷേപം അടിസ്ഥാനപ്പെടുത്തി ഈടാക്കാമായിരുന്ന

ലൈസൻസ് ഫീസിനേക്കാൾ വളരെ കുറഞ്ഞ തുകയാണ് ഈടാക്കികൊണ്ടിരിക്കുന്നത്. അപേക്ഷ പ്രകാരം മൂലധന നിക്ഷേപം 30 ലക്ഷം രൂപയാണ്.

| ക്രമനം | സ്ഥാപനം | രസീത് നം, തീയതി | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ്/ റിമാർക്സ് |
|---|---|---|---|---|---|
| | EVM Motors & Vehicles India Pvt Ltd | 1220104375/ 23.2.23 | 2000 | 5000 | 3000 |

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം 25 ലക്ഷത്തിലധികം മൂലധനനിക്ഷേപമുള്ള ടി സ്ഥാപനം മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന 3000/-രൂപ ഈടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.ഇത് കൂടാതെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ,N C .John &Sons Pvt Ltd (16/168A, B, C) എന്ന സ്ഥാപനം ലൈസൻസ് എടുക്കുകയും ലൈസൻസ് ഫീ 5000/-രൂപ ,മോട്ടർ റണ്ണിംഗ് ഫീ 5520/-രൂപ എന്നിവ അടവാക്കിയിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഈ സ്ഥാപനത്തിന്റെ ലൈസൻസ് അപേക്ഷ ഓഡിറ്റിൽ ഹാജരാക്കിയില്ല.അതിനാൽ നിയമാനുസൃതമായാണോ ലൈസൻസ് ഫീ ഈടാക്കിയത് എന്ന് പരിശോധിക്കാനായില്ല. ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ ഭൂരിഭാഗം അപേക്ഷകളിലും മൂലധനനിക്ഷേം രേഖപ്പെടുത്തുകയോ മറ്റ് വകുപ്പുകളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റുകളോ ഹാജരാക്കിയിട്ടില്ല. പഞ്ചായത്തിൽ ലൈസൻസ് അപേക്ഷ സ്വീകരിക്കുമ്പോൾ, അപേക്ഷയിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തിട്ടുണ്ടോ, ആവശ്യമെങ്കിൽ മറ്റ് വകുപ്പുകളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റുളുണ്ടോ എന്നിവ പരിശോധിക്കേണ്ടതാണ്.

## 2-2 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നത് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | ലൈസൻസി/ സ്ഥാപനം | വാർഡ്/കെട്ടിട നം | അപേക്ഷ പ്രകാരം യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കിയ മോട്ടോർ ഫീസ് | ഈടാക്കേണ്ട മോട്ടോർ ഫീസ് | കുറവ്/റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ജയൻ സുശീലൻകയർ | 14/327,328 | 130 Hp | ----- | 2000 | 2000 |

| | | | | | | |
|---|---|---|---|---|---|---|
| | മാറ്റ്, പി വി സി മാറ്റ്സ് നിർമ്മാണം | | | | | |
| 2 | മിതേഷ് കെ പട്ടേൽ പെനിൻസുലാർ ഹോണ്ട | 15/396A | 35062 KW | ----- | കൃത്യമായ ഹോഴ്സ് പവർ കണക്കാക്കി ഫീസ് ഈടാക്കേണ്ടതാണ് | ഈടാക്കിയിട്ടില്ല. |
| 3 | ഉദയകുമാർ പി മര ഉരുപ്പടികളുടെ നിർമ്മാണം | V1/178 | HP രേഖപ്പെടുത്തിയിട്ടില്ല. | ---- | കൃത്യമായ ഹോഴ്സ് പവർ കണക്കാക്കി ഫീസ് ഈടാക്കേണ്ടതാണ് | മര ഉരുപ്പടികളുടെ നിർമ്മാണത്തിന് വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ ഉണ്ടായിരിക്കേ മോട്ടർ റണ്ണിംഗ്ഫീസ് ഈടാക്കിയിട്ടില്ല. |
| 4 | ശശികല ജി തടിമില്ല് | V/34 | 39 Hp | ----- | 400/- | 400/- |
| 5 | വിവേക് ബൈജു ധാന്യപ്പൊടി നിർമ്മാണം | I/24A | 10KW | ---- | 200 | 200/- |
| 6 | സുലത എസ് | 3/265 | 10Hp | ---- | 100 | 100/- |
| | ആകെ | | | | | 2700 |

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/26.9.23) , കുറവ് വന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം കുറവ് വന്ന ഫീസും ഹോഴ്സ് പവർ കൃത്യമായി രേഖപ്പെടുത്താത്തവയുടെ ഹോഴ്സ് പവർ നിജപ്പെടുത്തി ബാധകമായ ഫീസ് ഈടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഹോം കെയർ വിസിറ്റില്ലാത്ത ദിവസങ്ങളിലെ വാഹന വാടകയും ഭക്ഷണച്ചെലവും അംഗീകരിക്കുന്നില്ല

(എ) പ്രോജക്ട് നം.S0028/23,
വകയിരുത്തിയ തുക - 620000 ( വികസന ഫണ്ട്), ചെലവ് - 579459

(ബി), പ്രോജക്ട് നം.S0046/23 (സ്പിൽഓവർ),
വകയിരുത്തിയ തുക - 128420 ( വികസന ഫണ്ട്), ചെലവ് - 128415

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്ട് പരിശോധിച്ചതിൽ രജിസ്റ്റർ പ്രകാരം ഹോം കെയർ നടത്തിയിട്ടില്ലാത്ത ദിവസങ്ങളിൽ വാഹന വാടക ഇനത്തിലും ഭക്ഷണത്തിനായും തുക ചെലവഴിച്ചിട്ടുണ്ട്. ഹോം കെയർ ഇല്ലാത്ത ദിവസങ്ങളിൽ നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | തീയതി | വാഹന വാടക | ഭക്ഷണച്ചെലവ് | ബിൽ നം./തീയതി |
|---|---|---|---|---|
| S046/23 | 01.01.22 | 1385 | 245 | BRN400078362/07.05.22 |
| | 19.01.22 | 1385 | 240 | |
| | 07.02.22 | 1385 | 260 | BRN400078365/07.05.22 |
| | 16.02.22 | 1385 | | |
| S028/23 1 | 17.06.22 | 1435 | | BRN400284164/07.07.22 |
| | 18.06.22 | 1435 | | |
| 2 | 13.07.23 | 1435 | | BRN400378506 /03.08.22 |
| | 20.07.23 | 1435 | | |
| 3 | 17.08.22 | 1435 | | BRN400492587/01.09.22 |
| 4 | 10.01.23 | 1435 | | BRN401118500/01.02.23 |
| ആകെ | | 14150 | 745 | |

ഹോം കെയർ ഇല്ലാത്ത ദിവസങ്ങളിൽ വാഹനവാടക 14150/- രൂപയും ഭക്ഷണച്ചെലവ് 745/- രൂപയും ഉൾപ്പടെ ആകെ 14895/- രൂപ ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 14895/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/26.09.23) മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 446430 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള | 446430 | 00 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| | 2022-23 | 100000 | പാലിന് സബ്സിഡി | 100000 | 00 |
| | 2022-23 | 880000 | ലൈഫ് ഭവന നിർമാണം | 880000 | 00 |
| | 2022-23 | 75000 | അഗതിരഹിത കേരളം | 75000 | 00 |
| | ആകെ | 1501430 | | 1501430 | 00 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 135000 | അംഗൻവാടി അനുപൂരക പോഷകാഹാരം | 135000 | 00 |
| | 2022-23 | 151460 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 151460 | 00 |
| | 2022-23 | 1331362 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1331362 | 00 |
| | 2022-23 | 280000 | ലൈഫ് ഭവന നിർമാണം | 280000 | |
| | ആകെ | 1897822 | | 1897822 | 00 |

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക്നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 42200870/ 01.02.23 | 1331362 | 0 | 1331362 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 42200827/ 15.01.23 | 500000 | 0 | 500000 |
| | വിവിധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 42200637/09.11.22, 42201550/31.03.23 | 62080 | 0 | 62080 |
| കേരളവാട്ടർ | പൈപ്പ് | 22201065/16.02.23 | 41000 | 0 | 41000 |

| | | | | | |
|---|---|---|---|---|---|
| അതോറിറ്റി | ലൈൻ അറ്റകുറ്റപ്പണി | | | | |
| | ആർ.ഒ.പ്ലാന്റ് മെയിന്റനൻസ് | ബിൽ റഫറൻസ് നം-267/15.02.23 | 238000 | 0 | 238000 |
| ആകെ | | | 2172442 | 0 | 2172442 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം (വരവ്) | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | 38092000 | 1880000 | 39972000 | 3849058 | 00 | 36122942 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47169346 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44514620 |
| വരവിനങ്ങളിലുള്ള നഷ്ടം | 5700 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14895 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2663740 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1 | 3000 | 00 | ശ്രീമതി.ബീന.എസ്, സെക്രട്ടറി |
| 2-2 | 2700 | 00 | ശ്രീമതി.ബീന.എസ്, സെക്രട്ടറി |
| 3-1 | 00 | 14895 | ഡോ.ഫ്രഷിതോമസ്, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| ആകെ | 5700 | 14895 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 73925 | ശ്രീമതി.ബീന.എസ്, സെക്രട്ടറി |
| 1-19 | 28820 | ശ്രീമതി.ആഷാമോൾ, ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ |
| 1-26 | 1429510 | ശ്രീമതി.ബീന.എസ്, സെക്രട്ടറി |
| 1-30 | 12600 | ശ്രീമതി.രചന ആർ, വെറ്ററിനറി സർജൻ |
| 1-31 | 238000 | ശ്രീമതി.ബീന.എസ്, സെക്രട്ടറി |
| 1-32 | 383100 | ശ്രീമതി.അനില എം. എ,കൃഷി ഓഫീസർ |
| 1-33 | 297785 | ശ്രീമതി.അനില എം. എ,കൃഷി ഓഫീസർ |
| 1-35 | 200000 | ശ്രീ.ദിനൽരാജ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 2663740 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ബീന.എസ്, സെക്രട്ടറി | സെക്രട്ടറി, ആര്യാട് ഗ്രാമപഞ്ചായത്ത് | ദയനിലയം വലിയപറമ്പ് പി.ഓ |

| | | |
|---|---|---|
| | | ആലപ്പുഴ |
| ഡോ.ഫ്രഷി തോമസ്, മെഡിക്കൽ ഓഫീസർ, പി എച്ച് സി | മെഡിക്കൽ ഓഫീസർ, പി എച്ച് സി, ആര്യാട് | പഴമ്പശ്ശേരിൽ,കലവൂർ പി ഒ., ആലപ്പുഴ |
| ശ്രീമതി.അനില എം. എ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ആര്യാട് ഗ്രാമ പഞ്ചായത്ത് | മുളയ്ക്കൽ ഹൗസ്, വാകമറ്റം പി.ഒ, ചേലൂർ-680602 |
| ശ്രീമതി.രചന ആർ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ആര്യാട് | ആരാധന, കളരിയ്ക്കൽ, ആലപ്പുഴ |
| ശ്രീമതി.ആഷാമോൾ, ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | മഞ്ഞപ്പള്ളി, സി.എം.സി 19, ചേർത്തല |
| ശ്രീ.ദിനൽരാജ്, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് | വളപ്പിൽ ഹൗസ് നോർത്ത് ആര്യാട് പി.ഒ, ആലപ്പുഴ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ8/1490/09/18.04.08/11.06.08 |
| 1997-98 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 1999-00 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2000-01 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2001-02 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2002-03 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2003-04 | കെ എസ് എ – എ എൽ പി/പി8-1279 /2022/04.04.2023 |
| 2004-05 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2005-06 | കെ എസ് എ – എ എൽ പി/പി8-1279 /2022/04.04.2023 |
| 2006-07 | എൽ.എഫ്.എ16-46/2010/28.08.2010 /4.10.2010 |

| | |
|---|---|
| 2007-08 | കെ എസ് എ - എ എൽ പി/പി8-1279 /2022/04.04.2023 |
| 2008-09 | |
| 2009-10 | |
| 2010-11, 2011-12, 2012-13 | |
| 2014-15 | |
| 2015-16 | |
| 2016-17 | |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി9-1553 /18/07.12.2018 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി8-790 /2020/29-12-20 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി8-359/22 / 27-03-22 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി8-704/22 / 16-07-2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/പി8-109/23 / 23-02-2023 |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനു സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 4 dated 06-07-2023 and submitted on 13-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Aryad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Aryad Grama Panchayat for the year 2022-2023

Date: 08/11/2023

Deputy Director
District Office Alappuzha
Kerala State Audit Department

**Audit Report appended to the Audit Certificate of Aryad Grama Panchayat for the Year 2022-2023.**

**1.Major Observations**

Nil

**2.Other Observations**

1.Mandatory statements such as Ratios, Notes on accounts prescribed in accounting rules are not incorporated in AFS.
2. Net Increase/Decrease in cash flow does not match with the difference between the opening balance and closing balance of
cash and cash equivalents.
3.Demand ,collection and balance of property tax as per AFS mismatches with that in sanchaya statement.
4. Monthly and yearly demand for property tax is not properly entered at the begining of each month and year.
5. Annual DCB statement of various non tax revenue items is not recorded in concerned registers and authenticated. Hence the accuracy in AFS
could not be verified.

6. Advance and deposit registers are not updated.
7. There is no opening balance and receipt for rent deposit as per AFS, but a payment of rupees 3000/- has been
recorded in the same head.
8. Advance payment of rupees238000/- to KWA for deposit work is recorded as payment in AFS without obtaining utilization certificate.

Deputy Director

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്